## 21

# "ദൈവമേ, ഞങ്ങൾക്ക് അദ്ധ്യക്ഷന്മാരെ തരുക!"

## 2 ശമുവേൽ 2-6; 23;
## 1 ദിനവൃത്താന്തം 11-14

നമ്മുടെ ഇപ്പോഴത്തെ മുറവിളി "ഞങ്ങൾക്ക് അദ്ധ്യക്ഷന്മാരെ തരുക!" എന്നതാണ്. നാം സംസാരിക്കുന്നത് ഗവൺമെന്റിനെ കുറിച്ചോ, വീടിനെ കുറിച്ചോ, അല്ലെങ്കിൽ സഭയെ കുറിച്ചോ ആയാലും, മുറവിളി ഒന്നു തന്നെ. ഒരു ദേശമായി വെല്ലുവിളിയെ നേരിടുന്നതിനെ കുറിച്ചു സംസാരിക്കുമ്പോൾ, നാം ചോദിക്കും, "ആത്മാർത്ഥതയുള്ളവർ എവിടെ? എവിടെയാണ് ശരിയായ അദ്ധ്യക്ഷന്മാർ?" ഇന്നു നാം വീടുകളിലെ പ്രശ്നങ്ങളാൽ ദുഃഖിതരാകുമ്പോൾ, നാം തീർച്ചപ്പെടുത്തും, "പുരുഷന്മാർ ഇന്നു കുടുംബത്തെ നയിക്കുന്നില്ല, പ്രത്യേകിച്ച് ആത്മീയമായ കാര്യങ്ങളിൽ." നാം കർത്താവിന്റെ സഭ നേരിടുന്ന പ്രശ്നങ്ങളെ കുറിച്ച് പറയുമ്പോൾ, നാം ഉറപ്പോടെ തീർച്ചപ്പെടുത്തും, "ദൈവം ഉദ്ദേശിച്ച അദ്ധ്യക്ഷന്മാർ നമുക്ക് ഉണ്ടായിരുന്നുവെങ്കിൽ, അവർക്ക് ഈ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ കഴിയുമായിരുന്നു."

നമ്മുടെ രാജ്യത്ത് മാത്രമല്ല ഈ പ്രശ്നങ്ങൾ നിലനില്ക്കുന്നത്; അവ ലോകം മുഴുവൻ ഉണ്ട്. ധാരാളം യാത്ര ചെയ്യുന്നവരുമായി നാം ചർച്ച ചെയ്താൽ, ഏതു രാജ്യത്തെ കുറിച്ചു പറഞ്ഞാലും, ഉറപ്പായി ചെന്നെത്തുന്നത് "ഏറ്റവും കൂടുതൽ ആവശ്യം നല്ല നേതൃത്വമാണ്" എന്ന കാര്യത്തിലാണ്. അത് ഒരു അന്തർദ്ദേശീയ മുറവിളിയാണ്: "ദൈവമേ, ഞങ്ങൾക്ക് അദ്ധ്യക്ഷന്മാരെ തരുക!"

നേതൃത്വമെന്ന ആവശ്യം ഈ കാലത്തിൽ വേണ്ടതോ അല്ലെങ്കിൽ പുതിയതോ അല്ല. വർഷങ്ങളായി ദൈവം - അംഗീകരിക്കുന്നതും ദൈവം - മാനിക്കുന്നതുമായ നേതൃത്വത്തിന്റെ അഭാവം ഉണ്ടായിട്ടുണ്ട്. തീർച്ചയായും, അത് ശൗലിന്റെ മരണശേഷം ഉണ്ടാവുകയും ദാവീദിനെ രാജാവാക്കുകയും ചെയ്തു എന്നതു വാസ്തവമാണ്. കഴിഞ്ഞ പാഠത്തിൽ, ശൗൽ ഫെലിസ്ത്യരുമായുള്ള യുദ്ധത്തിൽ മരിച്ചപ്പോൾ, ദാവീദിനു രാജാവാകുവാനുള്ള വഴി തുറന്നതായി നാം കണ്ടു. യിസ്രായേൽ ദേശത്തിലെ പരാജയത്തിന്റെ നാശഫലങ്ങൾ നമുക്കു കാണുവാൻ കഴിഞ്ഞില്ല.

ഫെലിസ്ത്യരുമായി നടന്ന ഭാഗ്യ-ഹീനമായ യുദ്ധത്തിനു മുൻപും,

യിസ്രായേൽ ഒരു കുഴപ്പം പിടിച്ച ദേശമായിരുന്നു. ശൗലിന്റെ നാല്പ്പതു വർഷക്കാലത്തെ ഉത്തരവാദിത്വമില്ലാത്തതും അസ്ഥിരവുമായ വാഴ്ച്ചയുടെ ഫലമായി രാജ്യം രാഷ്ട്രീയമായും, സാമ്പത്തികമായും, ആത്മീകമായും വരൾച്ചയിലായിരുന്നു. ശൗലിന്റെ സ്വന്ത ഗോത്രത്തോടുള്ള പ്രത്യേക താല്പര്യം നിമിത്തം രാജ്യം രണ്ടായി വിഭജിക്കപ്പെട്ടു. ദാവീദിനെ പിൻതുടരുന്നതിലുള്ള മാനസികാവസ്ഥയാൽ ദേശത്തോടുള്ള താല്പര്യത്തെ ശൗൽ ഉപേക്ഷിച്ചു. അവൻ പുരോഹിതന്മാരെ കൊല്ലുകയും, മഹാപുരോഹിതനെ സംരക്ഷണത്തിനായി ദാവീദിന്റെ അടുക്കലേക്ക് ഓടി പോകുവാൻ ശക്തമായി പ്രേരിപ്പിക്കുകയും ചെയ്തു. ഇതിലെല്ലാറ്റിലും ഉപരിയായി, യിസ്രായേൽ സൈന്യത്തെ ഫെലിസ്ത്യർ ദാരുണമായി പരാജയപ്പെടുത്തുകയും, ശൗലും അവന്റെ മക്കളും കൊല്ലപ്പെടുകയും ചെയ്തു. ഒന്ന് ശമുവേൽ 31:7 പരാജയത്തിന്റെ അനന്തരഫലം പറയുന്നു:

> യിസ്രായേല്യർ ഓടിപ്പോയി, ശൗലും പുത്രന്മാരും മരിച്ചു എന്നു താഴ്വരയുടെ അപ്പുറത്തും, യോദ്ദാന്നക്കരെയുമുള്ള യിസ്രായേല്യർ കണ്ടപ്പോൾ, അവർ പട്ടണങ്ങളെ വെടിഞ്ഞു ഓടിപ്പോകയും; ഫെലിസ്ത്യർ വന്നു അവിടെ പാർക്കുകയും ചെയ്തു.

നമ്മുടെ ദേശം ഇതുവരെ വിദേശ ശക്തികൾ കീഴ്പ്പെടുത്താത്തതുകൊണ്ട് അത് എങ്ങനെ ഇരിക്കുമെന്ന്, അമേരിക്കക്കാർക്കു മനസ്സിലാക്കുവാൻ പ്രയാസമാണ്. സൈന്യത്തെ തോല്പിക്കുകയും, പ്രസിഡന്റിനെയും തിരഞ്ഞെടുക്കപ്പെട്ട മറ്റു അദ്ധ്യക്ഷന്മാരെയും കൊല്ലുകയും, രാജ്യത്തെ കൈവശപ്പെടുത്തുകയും ചെയ്തുകൊണ്ട്, ഒരു വിദേശശക്തി അമേരിക്കയെ കീഴ്പ്പെടുത്തിയാലുള്ള അവിടുത്തെ ജീവിതത്തെ കുറിച്ചു ഒന്നു ചിന്തിച്ചു നോക്കുക. ശൗൽ കൊല്ലപ്പെടുകയും അവരുടെ സൈന്യം പരാജയപ്പെടുകയും ചെയ്തപ്പോൾ യിസ്രായേലിനു സംഭവിച്ചത് അതായിരുന്നു. യിസ്രായേലിന്റെ അവസ്ഥയെ കുറിച്ചു ഡബ്ളിയു. ഫിലിപ്പ് കെല്ലർ ഇപ്രകാരം എഴുതി:

> ദേശം മുഴുവനും ... ചിതറി പോവുകയും ഫെലിസ്ത്യ സൈന്യത്തിന്റെ ശത്രു താണ്ഡവം നിമിത്തം എല്ലാം തകർന്നു വീഴുകയും ചെയ്തു. നിർദ്ദയമായി കീഴ്പ്പെടുത്തിയവർ പ്രിയപ്പെട്ട ടൗണുകൾ അധികവും കൈവശമാക്കി. അവരുടെ ശക്തിയും സ്വാധീനവും ശൗലിന്റെ ഭരണത്തിലായിരുന്ന പ്രദേശമൊക്കെയും നിയന്ത്രിക്കുവാൻ തുടങ്ങി. അങ്ങനെ യിസ്രായേൽ ജനം യുദ്ധക്കെടുതിയാലും തോൽവിയാലും ഇപ്പോൾ മുറിവേൽക്കപ്പെട്ട് കഷ്ടപ്പെടുന്ന ജനമായി.[1]

ഒരു ദേശം എപ്പോഴെങ്കിലും നേതൃത്വത്തിനായി മുറവിളി കൂട്ടിയിട്ടുണ്ടെങ്കിൽ, ദാവീദ് സിംഹാസനാരൂഢനായപ്പോൾ അത് യിസ്രായേൽ ആയിരുന്നു.

ഈ പാഠം ദാവീദിന്റെ രാജാവെന്ന നിലയിലുള്ള പ്രാരംഭ വെല്ലുവിളികളെ കുറിച്ചുള്ളതാണ്. നമുക്ക് പഠിക്കേണ്ട ഭാഗം 2 ശമുവേൽ 2–6; 23, അതിനോടൊപ്പം 1 ദിനവൃത്താന്തം 11–14 എന്നിവയാണ്. ദൈവസഹായത്തോടെ യിശ്ശായിയുടെ മകൻ എങ്ങനെ വെല്ലുവിളികളെ നേരിട്ടു എന്നു കാണുമ്പോൾ,

ഒരുപക്ഷെ ഇന്ന് ഏറ്റവും ആവശ്യമായ നേതൃത്വത്തെ കുറിച്ച് നമുക്കു കുറച്ചു പഠിക്കുവാൻ കഴിയും.

### ബുദ്ധിയുള്ള അദ്ധ്യക്ഷന്മാർ സ്വഭാവ ശുദ്ധിയുള്ള പുരുഷന്മാരാണ് (2 ശമു. 2:1-7)

യിസ്രായേലിന് നേതൃത്വം ആവശ്യമായിരുന്നു, എന്നാൽ അവർക്ക് വെറും ഒരു നായകൻ പോരായിരുന്നു. മുറിവേൽക്കപ്പെട്ട തകർന്ന ദേശത്തെ നയിക്കുവാൻ പരുക്കനും, സൂഷ്മബുദ്ധിയുള്ളവനും, ദൈവപുരുഷനുമായ, ഒരാളെയാണ് വേണ്ടത്. അത്തരം ഒരു മനുഷ്യനെ മുപ്പതു വർഷമായി, ഇടയവയലുകളുടെ ഏകാന്തതയിലും, രാജധാനിയുടെ കൊത്തളങ്ങളിലും, മരുഭൂമിയുടെ വൈവിധ്യങ്ങളിലുമായി ദൈവം രൂപപ്പെടുത്തി വരികയായിരുന്നു.

ഒരു അദ്ധ്യക്ഷനിൽ നിന്ന് ദൈവം ആദ്യമായി ആവശ്യപ്പെടുന്നത് അവൻ ആത്മാർത്ഥതയുള്ളവൻ ആയിരിക്കണം എന്നതാണ്. നേതൃത്വം ആരംഭിക്കുന്നത് നായകൻ ചെയ്യുന്ന പ്രവർത്തിയാലല്ല; മറിച്ച് അത് തുടങ്ങുന്നത് അവൻ ആരായിരിക്കുന്നു എന്നതിനാലത്രെ. 2 ശമുവേലിന്റെ ആദ്യത്തെ ഖണ്ഡിക തുടങ്ങുമ്പോൾ, ദാവീദിന്റെ ചില സ്വഭാവത്തെ നാം കാണുന്നു: അവൻ ശൗലിന്റെ മരണത്തിൽ വിലപിക്കുകയും അവനെ ആദരിച്ചു ഒരു വിലാപ ഗീതം രചിക്കുകയും ചെയ്തതായി നാം കണ്ടു (2 ശമുവേൽ 1:1–27); ശൗലിനെതിരായി പകവെച്ചുകൊണ്ടിരിക്കുന്ന ഒരു സ്വഭാവം ദാവീദിനില്ലായിരുന്നു. അവൻ യെഹൂദാ പട്ടണങ്ങളിലേക്കു തിരിച്ചു പോകണമോ എന്ന് യഹോവയോടു ആലോചന ചോദിക്കുന്നതു നാം കണ്ടു (2:1–3); അവൻ സഹായത്തിന് ദൈവത്തിങ്കലേക്ക് നോക്കുവാൻ തക്ക വലിയ മനസ്സുള്ളവനായിരുന്നു.

2:1–ൽ ദൈവം ദാവീദിനോടു ഹെബ്രോനിലേക്കു പോകുവാൻ പറഞ്ഞു. ഹെബ്രോൻ യെഹൂദ്യയിലെ പ്രമുഖ പട്ടണങ്ങളിൽ ഒന്നായിരുന്നു. തന്റെ ഭാര്യയായ സാറയെ അടക്കം ചെയ്യുവാൻ അബ്രഹാം നിലം വാങ്ങിയതും അവിടെ ആയിരുന്നു. യോശുവയുടെ സൈന്യം ദേശം പിടിച്ചടക്കിയപ്പോൾ, ഹെബ്രോൻ തന്റെ അവകാശമായിട്ടാണ് കാലേബ് വാദിച്ചത്.

ഹെബ്രോനിൽ വെച്ച്, ദാവീദിനു മുപ്പതു വയസ്സ് പ്രായമായപ്പോൾ, അവൻ ആദ്യമായി രാജാവായി അംഗീകരിക്കപ്പെട്ടു. "അപ്പോൾ യെഹൂദാ പുരുഷന്മാർ വന്ന് അവിടെ വെച്ച് ദാവീദിനെ യെഹൂദാഗൃഹത്തിന്ന് രാജാവായിട്ട്[2] അഭിഷേകം ചെയ്തു" (2:4). യെഹൂദാ ഗോത്രത്തിലെ അദ്ധ്യക്ഷന്മാർ മാത്രമാണ് ദാവീദിനെ രാജാവായി അംഗീകരിച്ചത് എന്നത് ശ്രദ്ധിക്കുക. അടുത്ത ഏഴരവർഷ കാലത്തോളം, ദാവീദ് യെഹൂദാ ഗൃഹം – എന്ന ഏക ഗോത്രത്തെ മാത്രമാണ് ഭരിച്ചത്.

ദാവീദ് രാജാവായി തീർന്ന ഉടനെ, അവന്റെ സ്വഭാവത്തിന് ഒരു പ്രധാന വെല്ലുവിളിയെ നേരിടേണ്ടി വന്നു. യെഹൂദാ പുരുഷന്മാർ പുതിയ രാജാവിനോടു പറഞ്ഞു, "ഗിലെയാദിലെ-യാബേശ് നിവാസികൾ ആയിരുന്നു ശൗലിനെ അടക്കം ചെയ്തത്" (2:4).

ഫെലിസ്ത്യർ ശൗലിന്റെയും അവരുടെ മക്കളുടേയും മൃതശരീരങ്ങൾ കണ്ടെത്തിയപ്പോൾ, അവരുടെ തലകൾ ഛേദിക്കുകയും ശരീരങ്ങൾ ബേത്-ശാൻ മതിലിനോടു അവർ ചേർത്തുവെയ്ക്കുകയും ചെയ്തിരുന്നു. ബേത്-ശാൻ മദ്ധ്യപാലസ്തീന്റെ വടക്കുഭാഗത്ത് സ്ഥിതി ചെയ്തിരുന്നു. ഫെലിസ്ത്യർ യിസ്രായേൽ ദേശങ്ങൾക്കുള്ളിൽ തങ്ങളുടെ വിജയം ആഘോഷി

ച്ചുകൊണ്ടിരുന്നു. അവരുടെ ആ കോലാഹലം ഗിലെയാദിലെ-യാബേശിൽ എത്തി, അത് ബെന്യാമീൻ ഗോത്രവും ശൗലുമായി ബന്ധപ്പെട്ടിരുന്ന ശക്തമായ പട്ടണമായിരുന്നു.[3] വ്യക്തിപരമായ വലിയ സാഹസമെടുത്ത്, ഗിലെയാദിലെ-യാബേശുകാർ ബേത്-ശാനിലേക്കു പോവുകയും, ഇരുട്ടിന്റെ മറവിൽ, മൃതശരീരങ്ങൾ എടുത്ത് അവരെ ആദരണീയമായി അടക്കുന്നതിന് ഗിലെയാദിലെ-യാബേശിൽ കൊണ്ടുപോയി.[4]

ആ വിവരത്തോട് ദാവീദ് എങ്ങനെ ആയിരുന്നു പ്രതികരിച്ചത്? അവൻ അതിനെ അവഗണിക്കുമോ അല്ലെങ്കിൽ അതിനോടു പ്രതികരിക്കുമോ? അവൻ പ്രതികരിച്ചുവെങ്കിൽ, അത് എങ്ങനെ ആയിരിക്കണം? ഓർക്കുക, ഗിലെയാദിലെ-യാബേശിൽ ഉണ്ടായിരുന്നവർ ശൗലുമായി ബന്ധപ്പെട്ട മതഭ്രാന്തന്മാർ ആയിരുന്നു. ദാവീദിന്റെ പ്രതികരണം സൗഹൃദം മുറുകെ പിടിക്കുക എന്നതായിരുന്നു. യിസ്രായേലിന്റെ മുറിവ് ഉണങ്ങണമെന്നുണ്ടെങ്കിൽ, കഴിഞ്ഞത് കുഴിച്ചുമൂടണം എന്ന് ദാവീദിന് അറിയാമായിരുന്നു; കൂടാതെ ദൈവത്തിന്റെ അഭിഷിക്തൻ എന്ന രീതിയിൽ, ജനത്തെ നയിക്കുകയും വേണമെന്ന്, അവൻ അറിഞ്ഞിരുന്നു. ഗിലെയാദിലെ-യാബേശിലേക്ക് ദൂതന്മാരെ അയച്ചു അവരുടെ ധീരവും മനസ്സലിവുമുള്ള പ്രവർത്തിയെ അഭിനന്ദിക്കുക എന്നതായിരുന്നു രാജാവായി തീർന്ന ശേഷമുള്ള അവന്റെ ആദ്യത്തെ ഔദ്യോഗിക പ്രവർത്തി.

നാം ദാവീദിന്റെ വാഴ്ച്ചയെ കുറിച്ചു വായിക്കുമ്പോൾ, അവന്റെ വിശാല മനോഭാവത്തിന്റെ മറ്റു ഉദാഹരണങ്ങളോടൊപ്പം, അവന്റെ "യുദ്ധത്തിലെ വാഗ്ദാനങ്ങൾ പാലിക്കുന്ന"തിന്റെ ഉദാഹരണങ്ങളും നമുക്കു കാണാം.[5] ഇത്തരം ആത്മാർത്ഥതയുള്ള അദ്ധ്യക്ഷന്മാരെയാണ് നമുക്ക് ആവശ്യം!

### ബുദ്ധിയുള്ള അദ്ധ്യക്ഷന്മാർ ഐക്യതയെ കുറിച്ചു വിചാരമുള്ളവരായിരിക്കും

**(2 ശമു. 2:8-3:1, 6-13, 17-21)**

ആവശ്യമുള്ളതിനെ കുറിച്ച് വ്യക്തമായ ഒരു കാഴ്ച്ചപ്പാടുള്ളവനായിരിക്കണം ഒരു അദ്ധ്യക്ഷൻ. ലക്ഷ്യം നേടേണ്ടതിന്നു അവൻ മുൻഗണനകൾ നോക്കി പ്രവർത്തിക്കണം. പിന്നെ അവൻ ലക്ഷ്യം നേടുന്നതുവരെ പ്രവർത്തിച്ചുകൊണ്ടിരിക്കണം.

ദാവീദ് ഗിലെയാദിലെ-യാബേശിലുള്ളവരെ അനുമോദിച്ചതിൽ നിന്നും വ്യക്തമാകുന്നതു പഴയ മുറിവുകളെ ഉണക്കുകയും ആളുകളെ യോജിപ്പിക്കുകയും ചെയ്യുക എന്നത് തന്റെ ആദ്യത്തെ ലക്ഷ്യമായി ദാവീദ് കണ്ടു എന്നാണ്. അവർ യോജിച്ചല്ലാതെ അവരുടെ പൊതുശത്രുവായിരുന്ന, ഫെലിസ്ത്യരെ, നേരിടുവാൻ നിർവ്വാഹമില്ലായിരുന്നു. കൂടാതെ, അവർ വിഭജിച്ചിരിക്കുന്നേടത്തോളം അവർക്കും ദൈവത്തിനും ഇടയിൽ ഒരു വലിയ മതിലുണ്ടായിരുന്നു (1 യോഹന്നാൻ 4:20). അതിനുപുറമെ, യോജിക്കാതെ അവർക്കു വളരുവാനോ സമൃദ്ധിയിലെത്തുവാനോ കഴിയുമായിരുന്നില്ല. ദാവീദിന്റെ വലിയ ഒരു കീർത്തനം ആരംഭിക്കുന്നതു, "ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നതു എത്ര ശുഭവും എത്ര മനോഹരവും ആകുന്നു!" (സങ്കീർത്തനങ്ങൾ 133:1). ദൈവത്തിന്റെ എല്ലാ അദ്ധ്യക്ഷന്മാരെയും പോലെ, ദാവീദിന്റെ കാര്യപരിപാടിയിൽ ആദ്യത്തെ മുൻഗണന നൽകിയിരുന്നത് ഐക്യതക്കായിരുന്നു.[6]

ഇതിനർത്ഥം ഐകൃതയിലേക്കുള്ള വഴി മിനുസവും, തണലുള്ളതും, കുന്നിൽനിന്നു താഴോട്ടുള്ളതുപോലെയും ആയിരുന്നു എന്നല്ല. എല്ലാവരും ഐകൃത ആഗ്രഹിക്കുന്നില്ല. മിക്കപേരും അവർ ഐകൃത ആഗ്രഹിക്കുന്ന തായി *പറയും* എന്റെ ബാല്യത്തിലും അങ്ങനെ തന്നെ ആയിരുന്നു എന്നു ഞാൻ ഓർക്കുന്നു. എങ്ങനെയായാലും, പലരും ഭിന്നത ആഗ്രഹിക്കുകയും, ചിലർ സ്വാർത്ഥലാഭത്തിനായി അഭിപ്രായ ഭിന്നത വളർത്തുകയും ചെയ്യുന്ന തായി, ഞാൻ കണ്ടെത്തി.

ദാവീദിന്റെ ഐക്യശ്രമത്തിനു പ്രാഥമികമായി തടസമായിരുന്നത് അബ്നേ രായിരുന്നു. ശൗലിന്റെ സൈന്യത്തിലെ മുഖ്യ-സൈന്യാധിപൻ എന്ന നില യിൽ (1 ശമുവേൽ 17:55; 26:5), പരാജയപ്പെട്ടു ചിതറിപ്പോയ യിസ്രായേൽ ജനത്തെ നയിക്കുവാൻ പറ്റിയ ആളായിരുന്നു അബ്നേർ. ആരംഭത്തിൽ, വടക്കു ഭാഗത്തു ദാവീദിനെ രാജാവാക്കുവാനുള്ള ഒരു നീക്കം നടന്നിരുന്നു (2 ശമുവേൽ 3:17 നോക്കുക); ആ സമയത്ത് അബ്നേരിനു ഒരുപക്ഷെ ഉത്തര യിസ്രായേലിന്റെ പിന്തുണയ്ക്ക് ദാവീദിനു പിന്നിൽ നിൽക്കാമായിരുന്നു. ദാ വീദിനെ പിന്തുണക്കുന്നതിനു പകരം, എങ്ങനെയായാലും, അബ്നേരിന്റെ പരിപാടി വേറൊന്നായിരുന്നു.

മനസിലാക്കുവാൻ പ്രയാസമുള്ള മനുഷ്യനായിരുന്നു അബ്നേർ. പലവി ധത്തിലും, അവൻ പ്രശംസിക്കപ്പെടേണ്ട ഒരു മനുഷ്യനാണ്. അവൻ ഒരു യോദ്ധാവിനെ പോലെ ധീരനും, കഴിവുള്ളവനും, തന്റെ യജമാനനോടു തീഷ്ണമായ ഭക്തിയുള്ളവനുമായിരുന്നു. അവൻ മരിച്ചപ്പോൾ, അവനെക്കു റിച്ചു ദാവീദ് പറഞ്ഞത് "യിസ്രായേലിലെ പ്രഭുവും ... വലിയവനും" എന്നാ ണ് (2 ശമുവേൽ 3:38).[7] കൂടാതെ, ശൗലിനെ ദൈവം രാജസ്ഥാനത്തുനിന്നു തള്ളിക്കളയുകയും ദാവീദിനെ അടുത്ത രാജാവായി തിരഞ്ഞെടുക്കുകയും ചെയ്തത് അവൻ അറിഞ്ഞിരുന്നു.[8]

പിന്നെ എന്തുകൊണ്ടു അബ്നേർ ദാവീദിനെ പിന്താങ്ങിയില്ല? ഒരുപക്ഷെ ശൗലിനോടുണ്ടായിരുന്ന തെറ്റിദ്ധരിക്കപ്പെട്ട ഭക്തി കാരണമായിരുന്നേക്കാം. ഒരുപക്ഷെ (പലരും വിചാരിക്കുന്നതുപോലെ) അബ്നേരിന്റെ മനസ്സിൽ നിറയെ സ്വാർത്ഥ ലക്ഷ്യങ്ങളുണ്ടായിരുന്നിരിക്കാം. 3:6-ൽ പറയുന്നത് "ശൗലിന്റെ ഗൃഹവും ദാവീദിന്റെ ഗൃഹവും തമ്മിൽ യുദ്ധം ഉണ്ടായപ്പോൾ ... അബ്നേർ ശക്തമായി ശൗലിന്റെ ഗൃഹത്തോടൊപ്പമായിരുന്നു" എന്നാണ്. അബ്നേർ ശൗലിന്റെ ബന്ധുവായിരുന്നു[9]; ഒരുപക്ഷെ അവൻ സിംഹാസനം സ്വപ്നം കണ്ടിരിക്കാം.

അബ്നേരിന്റെ കാരണം എന്തായാലും, അവൻ യെഹൂദാസൈന്യത്തോടു യുദ്ധം ചെയ്തു പ്രകോപിപ്പിച്ചുകൊണ്ട്, യിസ്രായേലിൽ വർഷങ്ങളോളം തുടർന്ന ആഭ്യന്തരകലഹത്തിനും രക്തച്ചൊരിച്ചിലിനും അവനായിരുന്നു ഉത്ത രവാദി. 2:12-32-ൽ, നാം ഒരു യുദ്ധത്തെക്കുറിച്ചു വായിക്കുന്നുണ്ട്. അബ്നേരും അവന്റെ ആളുകളും സുന്ദരമായ ഗിബെയോൻ കുളത്തിനരികിൽ വെച്ച് യോവാബിനേയും[10] അവന്റെ ആളുകളേയും കണ്ടുമുട്ടി, അതു യെരുശലേ മിൽനിന്നു കുറെ മൈലുകൾ ദൂരെ വടക്കായിരുന്നു. യോവാബിനോടൊപ്പം അവന്റെ രണ്ടു സഹോദരന്മാരായ, അബീശായിയും[11] അസാഹേലും ഉണ്ടാ യിരുന്നു; അവർ ദാവീദിന്റെ അനന്തരവന്മാരായിരുന്നു.[12] എല്ലാവരും ചേർന്നുള്ള യുദ്ധത്തിനു പകരം, തന്റെ ആളുകളിൽ പന്ത്രണ്ടു പേർ യോവാ ബിന്റെ പന്ത്രണ്ടുപേരുമായി നേർക്കുനേർ പൊരുതണമെന്നു അബ്നേർ നിർദ്ദേ

ശിച്ചു – അത് ഏതാണ്ട് ദാവീദും ഗൊല്യാത്തും ഏറ്റുമുട്ടിയതുപോലെ ആയിരുന്നു. എങ്ങനെയായാലും, അധികം കഴിയുന്നതിനുമുൻപു, എല്ലാവരും-ഉൾപ്പെട്ട ഒരു യുദ്ധം പൊട്ടിപ്പുറപ്പെട്ടു. യോവാബും അവന്റെ ആളുകളും ശ്രദ്ധേയമായി വിജയിക്കുകയും ചെയ്തു.[13]

അബ്നേരും അവന്റെ സൈന്യവും ഓടിപ്പോയപ്പോൾ, യോവാബിന്റെ സഹോദരനായ – കായികക്ഷമതയുള്ള അസാഹേൽ, മാനിനെ പോലെ ധ്രുതഗതിയിൽ – അബ്നേരിനെ പിന്തുടർന്നു. പഴയ വീരനായ, അബ്നേരിനു, ആ യുവാവിനെ കൊല്ലുവാനുള്ള മടികൊണ്ടു അവനോടു പിൻവാങ്ങുവാൻ പറഞ്ഞുവെങ്കിലും (2:22), അവൻ കൂട്ടാക്കിയില്ല. അവസാനം, അബ്നേർ തന്റെ കുന്തം എടുത്തു പിറകോട്ടു തിരിഞ്ഞ്, അസാഹേലിനെ കുത്തിക്കൊല്ലുകയും ചെയ്തു (2:23).[14] ആ ദുഃഖകരമായ കാഴ്ച്ച പിന്തുടരൽ അവസാനിപ്പിച്ച്, അബ്നേരിനു വീണ്ടും സംഘടിക്കുവാൻ അവസരം നൽകി. യോവാബും മറ്റുള്ളവരും അബ്നേരിനൊപ്പം എത്തിയപ്പോൾ, അവനും അവന്റെ ആളുകളും ചുറ്റും ഒരു കിടങ്ങു കുഴിച്ച പ്രത്യേക അവസ്ഥയിലായിരുന്നു. ഇനി രക്തച്ചൊരിച്ചിലിന്റെ ആവശ്യമില്ലെന്നു അബ്നേർ യോവാബിനെ ധരിപ്പിക്കുകയും, രണ്ടു കൂട്ടരും വീട്ടിലേക്കു മടങ്ങിപ്പോകയും ചേയ്തു.

യെഹൂദാ ഗോത്രത്തെ ഉത്തരഗോത്രങ്ങൾക്കു കീഴിൽ കൊണ്ടുവരുവാനുള്ള അബ്നേരിന്റെ കൗശലം പരാജയപ്പെടുവാനുള്ള കാരണം ദൈവം ദാവീദിനോടുകൂടെ ഉണ്ടായിരുന്നതുകൊണ്ടാണ്. 3:1-ൽ നാം വായിക്കുന്നു, "ശൗലിന്റെ ഗൃഹവും ദാവീദിന്റെ ഗൃഹവും തമ്മിൽ ദീർഘകാലം യുദ്ധം നടന്നു; എന്നാൽ ദാവീദിന്നു ബലം കൂടിക്കൂടിയും, ശൗലിന്റെ ഗൃഹം ക്ഷയിച്ചു ക്ഷയിച്ചും വന്നു."

അഞ്ചര-വർഷ ശേഷം, അബ്നേർ പുതിയ ഒരു സമീപനം നടത്തി: അവൻ ശൗലിന്റെ മക്കളിൽ ഒരാളെ ഉത്തരഗോത്രങ്ങളുടെ രാജാവാക്കി വെച്ചു.[15]

> എന്നാൽ ശൗലിന്റെ സേനാപതിയായ, നേരിന്റെ മകൻ അബ്നേർ, ശൗലിന്റെ മകനായ ഈശ്-ബോശെത്തിനെ, മഹനയീമിലേക്കു[16] കൂട്ടിക്കൊണ്ടു പോയി ... അവനെ എല്ലാ യിസ്രായേല്യർക്കും ... രാജാവാക്കി. ശൗലിന്റെ മകനായ, ഈശ്-ബോശെത്ത്, യിസ്രായേലിൽ രാജാവായപ്പോൾ അവനു നാല്പതു വയസ്സായിരുന്നു, അവൻ രണ്ടു സംവത്സരം വാണു ... (2:8-10).

ശൗലിന്നു ഈശ്-ബോശെത്ത്[17] (അല്ലെങ്കിൽ ഈശ് ബാൽ[18]) എന്നു പേരുള്ള ഒരു മകൻ ഉള്ളതായി ഇതാദ്യമായിട്ടാണ് നാം വായിക്കുന്നത്. അവൻ യുദ്ധത്തിൽ മരിച്ച അവന്റെ മറ്റു മൂന്നു സഹോദരന്മാരിലും ഇളയവൻ ആയി തോന്നാം.[19] അവന്റെ അപ്പനും സഹോദരന്മാരും ഗിൽബോവ പർവ്വതത്തിൽവെച്ചു കൊലചെയ്യപ്പെട്ടപ്പോൾ അവൻ എങ്ങനെയോ രക്ഷപ്പെട്ടു. ഈശ്-ബോശെത്ത് ഒരു ബലഹീനനായിരുന്നതുകൊണ്ടു (ഒ.വാ. 2 ശമുവേൽ 3:11; 4:1), അവൻ യുദ്ധത്തിനു പോയിക്കാണുകയില്ല.

യഥാർത്ഥ അധികാരം അബ്നേരിൽ നിലനിർത്തിക്കൊണ്ട്, ഈശ്-ബോശെത്ത് രണ്ടു വർഷത്തോളം മറ്റൊരാളുടെ നിയന്ത്രണത്തിൽ രാജ്യം ഭരിച്ചു. ദാവീദിനു ദേശത്തെ ഒന്നിപ്പിക്കുവാൻ കഴിയാതിരുന്നതുകൊണ്ടു, ആ സ്തംഭനാവസ്ഥ എന്നേക്കുമുണ്ടാകുമെന്നു വന്നു. എങ്ങനെയായാലും, പെട്ടെന്നു,

കാര്യങ്ങൾ നാടകീയമായി തിരിഞ്ഞു. മനുഷ്യരുടെ കാര്യങ്ങളിൽ ദൈവകരങ്ങൾ പ്രവർത്തിക്കുന്നത് വീണ്ടും കാണാം. പിതാക്കന്മാരുടെ വെപ്പാട്ടികളുടെ അടുക്കൽ പോയതിനു ഒരു ദിവസം അബ്നേരിനെ ഈശ്-ബോശെത്ത് കുറ്റപ്പെടുത്തി.[20] രാജാക്കന്മാരുടെ വെപ്പാട്ടികളെ എടുക്കുന്നത് അവരുടെ അരമന മുഴുവൻ എടുക്കുന്നതിനു തുല്യമാണ്, അതുകൊണ്ട്, സിംഹാസനവും അവകാശമാക്കാം. ഈശ്-ബോശെത്ത് അബ്നേരിൽ രാജ്യദ്രോഹകുറ്റം ചുമത്തി. അബ്നേർ രോഷാകുലനായി.

> "ഞാൻ യെഹൂദാപക്ഷത്തിലുള്ള ഒരു നായ്ത്തലയോ?" അവൻ അത്യുച്ചത്തിൽ പറഞ്ഞു. "ഇന്നു ഞാൻ നിന്റെ അപ്പനായ ശൗലിന്റെ ഗൃഹത്തോടും ദയ കാണിക്കയും നിന്നെ ദാവീദിന്റെ കയ്യിൽ ഏൽപ്പിക്കാതിരിക്കയും ചെയ്തിരിക്കെ, നീ എന്നെ കുറ്റം ചുമത്തുന്നുവോ ...? ശൗലിന്റെ ഗൃഹത്തിൽ നിന്ന് രാജത്വം മാറ്റുകയും, ദാവീദിന്റെ സിംഹാസനം ദാൻ മുതൽ ബേർ-ശേബ വരെ യിസ്രായേലിലും യെഹൂദയിലും സ്ഥാപിക്കുകയും ചെയ്വാൻ തക്കവണ്ണം യഹോവ ദാവീദിനോടു സത്യം ചെയ്തതുപോലെ, ഞാൻ അവന്നു സാധിപ്പിച്ചു കൊടുക്കാതിരുന്നാൽ, ദൈവം അബ്നേരിനോടു തക്കവണ്ണവും അതിലധികവും ചെയ്യട്ടെ" (3:8-10; എൽബി)

ഉത്തരപാലസ്തീനിന്റെ ജനങ്ങളെ നവീകരിക്കുവാനും ശൗലിന്റെ മകന്റെ ചുറ്റും ആളുകളെ ഒന്നിച്ചു ചേർക്കുവാനും, ശൗലിന്റെ മകൻ ഈശ്-ബോശെത്തിനെ രാജാവാക്കിവെച്ചതിൽ ഒരുപക്ഷെ അബ്നേരിന് നിരാശ അനുഭവപ്പെട്ടിരിക്കാം. എങ്ങനെയായാലും, ഈശ്-ബോശെത്ത്, അവനെതിരായി തിരിഞ്ഞെന്നു തോന്നിയപ്പോൾ, അബ്നേരിന് തന്റെ ലക്ഷ്യം പാളി എന്ന് ബോധ്യമായി. ആ വൃദ്ധനായ യോദ്ധാവ് മോശമായ ആ സാഹചര്യത്തെ നന്നാക്കുവാൻ തീരുമാനിച്ചു. അവൻ ദാവീദിന്റെ അടുക്കൽ ആളയച്ചു, തന്റെ പിന്തുണ അവന് പ്രഖ്യാപിച്ചു (2 ശമുവേൽ 3:12).

ദാവീദ് ഇതുകേട്ടപ്പോൾ അതിശയിച്ചത് നിങ്ങൾക്ക് ഊഹിക്കുവാൻ കഴിയുന്നുണ്ടോ? "കർത്താവേ, ഇതെത്ര നാൾ നീണ്ടു നില്ക്കും - ദിവസം തോറും, സഹോദരൻ സഹോദരനെ കൊന്നു കൊണ്ടിരിക്കുന്നത് എത്ര നാൾ?" എന്ന്, ദാവീദ് ദൈവത്തോടു ഓരോ ദിവസവും ചോദിച്ചിരിക്കണം. പിന്നെ, അന്ത്യമൊന്നും കാണാതിരുന്നപ്പോൾ, അബ് നേരിൽ നിന്ന് ഒരു സമാധാന നീക്കം വന്നു, അതു ദാവീദ് അവസാനം പ്രതീക്ഷിച്ച വ്യക്തിയിൽ നിന്നു തന്നെയായിരുന്നു. ദൈവത്തിന്റെ വഴികൾ അത്ഭുതകരമല്ലേ (സദൃശവാക്യങ്ങൾ 16:7)?

സൂക്ഷ്മ താല്പര്യത്തോടെയാണ് അബ്നേരിന്റെ നിർദ്ദേശത്തോടു[21] ദാവീദ് പ്രതികരിച്ചത്. അബ്നേർ ദാവീദിന്റെ തലസ്ഥാനമായിരുന്ന ഹെബ്രോനിൽ എത്തി. വർഷങ്ങളോളം നടന്ന യുദ്ധത്തിനുശേഷം ദാവീദും അബ്നേരും കണ്ടുമുട്ടുന്ന സാഹചര്യം എത്ര സംഘർഷഭരിതമായിരിക്കണം. സമാധാനകാംക്ഷിയായ, ദാവീദ്, ആ സാഹചര്യത്തെ ശരിയായിത്തന്നെ കൈകാര്യം ചെയ്തു. അവൻ അബ്നേരിനേയും അവന്റെ ആളുകളെയും ഗംഭീരമായ ഒരു വിരുന്നൊരുക്കിയിരുന്ന വിരുന്നുശാലയിലേക്ക് കൊണ്ടുപോയി.[22] വിലപേശൽ നടക്കുന്ന സാഹചര്യത്തെക്കാൾ കാര്യങ്ങൾ നന്നായി നടക്കുന്നത് വിരുന്നു ഭക്ഷിക്കുന്ന സാഹചര്യത്തിലാണെന്ന് ബുദ്ധിയുള്ള നായകന്മാർക്ക് അറിയാം.

സമാധാന സമ്മേളനം നന്നായിരുന്നു. അവസാനം, അബ്നേർ ദാവീദിനോടു പറഞ്ഞു, "ഞാൻ ചെന്നു, യിസ്രായേലൊക്കെയും യജമാനനായ രാജാവിനോടു ഉടമ്പടി ചെയ്യേണ്ടതിന്ന് അവരെ നിന്റെ അടുക്കൽ കൂട്ടി വരുത്തും, അപ്പോൾ നീ ആഗ്രഹിക്കുന്നതുപോലെ എല്ലാവർക്കും രാജാവായിരിക്കാം എന്നു പറഞ്ഞു" (3:21). പെട്ടെന്ന് അബ്നേർ ഉത്തര ഗോത്രങ്ങളെ അതു ബോദ്ധ്യമാക്കുവാൻ പോയി. "ദാവീദ് അബ്നേരിനെ, സമാധാനത്തോടെ യാത്ര യയച്ചു" (3:21; എൻഇബി). വർഷങ്ങൾ നീണ്ട ആഭ്യന്തര കലഹത്തിനുശേഷം, ഐക്യത കാണായ് വന്നു.

അമേരിക്കയിൽ ആഭ്യന്തര കലഹം ഉണ്ടായപ്പോൾ, അന്നു പ്രസിഡന്റായിരുന്ന അബ്രഹാം ലിങ്കൺ ദേശം ഒന്നിക്കേണ്ടതിന്റെ ആവശ്യകതയെ ഊന്നിക്കൊണ്ടുള്ള യേശുവിന്റെ ഒരു പ്രസ്താവന ഉദ്ധരിക്കയുണ്ടായി: "ഒരു രാജ്യം തന്നിൽതന്നേ ഛിദ്രിച്ചു എങ്കിൽ, ആ രാജ്യത്തിന്നു നിലനില്പാൻ കഴിയുകയില്ല. ഒരു വീട് തന്നിൽതന്നേ ഛിദ്രിച്ചു എങ്കിൽ, ആ വീട്ടിന്നു നിലനില്പാൻ കഴിയുകയില്ല" (മർക്കൊസ് 3:24, 25). ദാവീദ് മനസിലാക്കിയതുപോലെ, ലിങ്കണും മനസിലാക്കിയത്, വിഭജിക്കപ്പെട്ട രാജ്യം സ്വയ-നാശത്തിന്റെ വിത്തു വിതയ്ക്കും എന്നാണ്. ആ തത്വം രാജ്യങ്ങൾക്കെന്നപോലെ സമൂഹങ്ങൾക്കും സത്യമാണ് ... സമൂഹങ്ങൾക്കെന്നപോലെ ഇടവകകൾക്കും അതു സത്യമാണ് ... ഇടവകകൾക്കെന്ന പോലെ കുടുംബങ്ങൾക്കും അതു വാസ്തവമാണ്. ദൈവത്തിന്റെ അദ്ധ്യക്ഷന്മാർ - അവർ രാഷ്ട്രീയ നേതാക്കന്മാരായാലും, ഇടവകകളുടെ അദ്ധ്യക്ഷന്മാരായാലും, അല്ലെങ്കിൽ കുടുംബത്തിന്റെ നായകന്മാരായാലും - ഐക്യത അവരുടെ മുൻഗണനയിൽ തന്നെ ആയിരിക്കണം.

### ബുദ്ധിയുള്ള അദ്ധ്യക്ഷന്മാർക്ക് ആപൽസന്ധി കൈകാര്യം ചെയ്യുവാൻ കഴിയും (2 ശമു. 3:22-37)

അബ്നേർ അവരെ ഹെബ്രോനിലേക്കു കൊണ്ടുവന്നത് ദാവീദിനെ യിസ്രായേലിന്റെ എല്ലാം രാജാവാക്കി വെയ്ക്കുവാൻ ആണെന്ന്, ഇത് ഒരു യക്ഷിക്കഥ ആയിരുന്നുവെങ്കിൽ, കുറേ ആഴ്ച്ചകൾ ഉത്തരഗോത്രങ്ങളിലൂടെ യാത്ര ചെയ്തശേഷം ഞാൻ പറയുമായിരുന്നു. എങ്ങനെയായാലും, ജീവിതം ഒരു യക്ഷിക്കഥയല്ല - ഐക്യതയിലേക്കുള്ള വഴി ഒരു പഴയ ശത്രുവിനു വിരുന്നൊരുക്കുന്നത്ര എളുപ്പവുമല്ല. അപ്രതീക്ഷിതമായ വഴിത്തിരിവുകളും തടസ്സങ്ങളും ഉയരും; ചിലപ്പോൾ തന്റെ ചുവടുകൾ തിരിച്ചുവച്ച് മറ്റൊരു മാർഗ്ഗം സ്വീകരിക്കേണ്ടി വരും. അദ്ധ്യക്ഷന്മാർ അപ്രതീക്ഷിതമായതു പ്രതീക്ഷിക്കണം; അവർ പെട്ടെന്നു തീരുമാനങ്ങൾ എടുക്കുവാൻ തയ്യാറായിരിക്കണം.

അബ്നേർ ദാവീദിനെ സന്ദർശിച്ചപ്പോൾ യോവാബ് ഹെബ്രോനിൽ ഇല്ലായിരുന്നുവെന്നാണ് 2 ശമുവേൽ 3-ലെ അടുത്ത ചില വാക്യങ്ങൾ പറയുന്നത്; യോവാബും അവന്റെ ആളുകളും പുറത്തു ആക്രമിക്കുവാൻ പോയിരുന്നു. (ദാവീദ് യോവാബിനെ മനപ്പൂർവ്വമായി ആ സമാധാന ദൗത്യത്തിന് തടസ്സമാകാതിരിക്കുവാൻ, ദൂരെ അയച്ചതാണെങ്കിലോ എന്ന് ഒരാൾ സംശയിച്ചേക്കാം.) സ്പഷ്ടമായും, അബ്നേർ പോയ ഉടനെ യോവാബ് തിരിച്ചെത്തി. ദാവീദ് അബ്നേരിന് "ചുവന്ന പരവതാനി വിരിച്ചു കൊടുത്തു" എന്നും, അവനെ സമാധാനത്തോടെ യാത്ര അയച്ചു എന്നും കേട്ടപ്പോൾ, യോവാബ് ഒറ്റപ്പെട്ടു എന്നു തോന്നി. അവൻ രാജധാനിയിലേക്ക് ഓടിച്ചെന്നു അബ്നേരിന്റെ പ്രവൃത്തിയുടെ ലക്ഷ്യങ്ങൾ പൈശാചികമാണെന്നും, അവൻ വന്നത് ചാര

നായിട്ടാണെന്നും രാജാവിനോട് അറിയിച്ചു. ദാവീദ് ആ സാഹചര്യം ഉപയോഗിച്ച് അബ്നേരിനെ പിടിക്കേണ്ടതായിരുന്നു എന്നാണ് യോവാബ് സൂചിപ്പിച്ചത്.

യോവാബ് ദാവീദിന്റെ ഭാഗത്ത് എപ്പോഴും ഒരു മുള്ള് ആയിരുന്നു (2 ശമുവേൽ 18:5, 14; 1 രാജാക്കന്മാർ 2:5, 6). ഒരു വശത്ത്, അവൻ ശക്തനായ ഒരു യോദ്ധാവാണ്, മറ്റുള്ളവരെ പ്രചോദിപ്പിക്കുന്ന നിർഭയനായ അദ്ധ്യക്ഷൻ, രാജാവിനുവേണ്ടി മരിക്കുവാൻ പോലും തയ്യാറുള്ളവൻ. മറുവശത്ത്, സ്വാർത്ഥനും, പ്രതികാരശീലമുള്ളവനും, പലപ്പോഴും അനുസരണമില്ലാത്തവനും, കുറച്ചു മാത്രം ആത്മീയ മൂല്യങ്ങൾ ഉള്ളവനും.[23] എല്ലാ അദ്ധ്യക്ഷന്മാർക്കും അവരുടേതായ യോവാബുമാർ ഉണ്ട്: ഒഴിച്ചുനിർത്താനൊക്കാത്ത വ്യക്തികളായി അവരെ കൂടാതെ ജീവിക്കുവാൻ അവർക്കു പരസ്പരം സാധ്യമല്ല. നിങ്ങളുടെ യോവാബുമാരെ നിങ്ങൾ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതിനെ ആസ്പദമാക്കിയായിരിക്കും പലപ്പോഴും അദ്ധ്യക്ഷൻ എന്ന നിലയിൽ നിങ്ങളുടെ വിജയം.

ഐക്യതയുടെ പ്രകാശ കിരണങ്ങൾ കാണുന്നതിന് ഏഴു നീണ്ട വർഷങ്ങൾ വേണ്ടി വന്നു. ഒരു മണിക്കൂറിനുള്ളിൽ, കൈവന്ന പുരോഗതിയെ യോവാബ് നശിപ്പിച്ചു. യോവാബ് ദാവീദിനെ വിട്ടു പോയപ്പോൾ, ഒരു മൈൽ അല്ലെങ്കിൽ രണ്ടുമൈൽ ദൂരെ എത്തിയ അബ്നേരിന്റെ അടുക്കലേക്ക്, ദാവീദ് അവനെ വീണ്ടും കാണാൻ ആഗ്രഹിക്കുന്നതായി അറിയിക്കുവാനാണ്, സന്ദേശവാഹകരെ അയച്ചതു എന്നതിൽ സംശയമില്ല. അബ്നേർ, ഒന്നും സംശയിക്കാതെ, ഉടനെ മടങ്ങി വന്നു. യോവാബ് അവനെ കണ്ടു "അവനോട് രഹസ്യമായി സംസാരിക്കുന്നതിന്" കൊണ്ടുപോയി (3:27). അബ്നേർ ദാവീദിന്റെ സന്ദേശത്തിനുവേണ്ടി കാത്തിരുന്നപ്പോൾ, യോവാബ് തന്റെ ആയുധമെടുത്ത് അവന്റെ വയറ്റിൽ ആഴത്തിൽ കുത്തി, അങ്ങനെ യോവാബിന്റെ സഹോദരൻ മരിച്ചതുപോലെ അബ്നേരും മരിച്ചു.[24]

മുൻപിലത്തെ ഒരു പാഠത്തിൽ, "പ്രതികാരത്തിനായി ഹൃദയം മുറവിളി കൂട്ടുമ്പോൾ," ഒരാൾ "വില കണക്കാക്കുന്നത്" അവസാനിപ്പിക്കണം എന്നു പറഞ്ഞിരുന്നു. യോവാബ് തന്റെ പ്രതികാരം നടത്തി, എന്നാൽ അതിന്റെ വില വലുതായിരുന്നു. ദാവീദും അബ്നേരും കണ്ടുമുട്ടുന്നതിനു മുൻപുള്ളതിനെക്കാൾ സാഹചര്യം രൂക്ഷമായി തീർന്നു. സംഭവിച്ചതു ദാവീദു കേട്ടപ്പോൾ, അബ്നേരിനെ ഹെബ്രോനിലേക്കു വശീകരിച്ച് കൊണ്ടുവന്നത് അവനെ കൊല്ലുവാൻ ആയിരുന്നു എന്ന വാർത്ത പരക്കും എന്ന് അവന് അറിയാമായിരുന്നു. ദാവീദ് വിശ്വസിക്കുവാൻ പറ്റാത്തവൻ ആണെന്ന് ആളുകൾ പറയും. യോവാബിന്റെ അഭക്തമായ പ്രതികാരവാഞ്ഛ[25] വടക്കും തെക്കുമുള്ള രാജ്യത്തിന് യോജിക്കുവാനുള്ള എല്ലാ സാദ്ധ്യതയെയും നഷ്ടമാക്കിയതായി തോന്നി.

ഇത്തരം സാഹചര്യങ്ങളിലാണ് യഥാർത്ഥ നേതൃത്വം വെളിപ്പെടുന്നത്. ആ നാശത്തോട് ദാവീദ് പ്രതികരിച്ചത് കാണിക്കുന്നത് അവന്റെ ദൈവിക ഗുണങ്ങൾ കൊണ്ടുമാത്രമല്ല ദൈവം അവനെ തിരഞ്ഞെടുത്തത്, ആപൽക്കരമായ സാഹചര്യങ്ങളെ മനസ്സിലാക്കുവാനുള്ള അവന്റെ കഴിവും നിമിത്തമായിരുന്നു എന്നാണ്. ദുഃഖകരമായ അവസ്ഥയ്ക്കു മാറ്റം വരുത്തുവാൻ ദാവീദ് ചെയ്തത് ശ്രദ്ധിക്കുക.

ഒന്നാമത്, അവൻ ഉടനെ പ്രവർത്തിച്ചു. ഒരു പ്രതിസന്ധിയിൽ, സമയം

പരമപ്രധാനമാണ്. നമ്മിൽ പലരും കാര്യങ്ങൾ പിന്നെ ശരിയായിക്കൊള്ളും എന്നു വിചാരിച്ച്, നീട്ടിവെയ്ക്കും, എന്നാൽ അപൂർവ്വമായിട്ടുമാത്രമേ അങ്ങനെ സംഭവിക്കയുള്ളൂ. യഥാർത്ഥ അദ്ധ്യക്ഷന്മാർ പ്രവർത്തിക്കുന്നത് – നിർണ്ണയത്തോടുകൂടി ആയിരിക്കും.

രണ്ടാമത്, ദാവീദ് ഉടനെ ആ നിന്ദ്യപ്രവൃത്തികളിലുള്ള തന്റെ വ്യക്തിപരമായ പങ്ക് നിഷേധിച്ചു (3:28). അത് നിസ്സാരമായ ഒന്നായി കണ്ടേക്കാം, എന്നാൽ അത് ചെയ്യേണ്ടതു തന്നെയാണ്.

മൂന്നാമത്, അവൻ പരസ്യമായി യോവാബിന്റെ പ്രവർത്തിക്കുള്ള ശിക്ഷ വിധിച്ചു, സൈന്യത്തിലെ അവന്റെ സ്ഥാനത്തു നിന്നു നീക്കുകയും,[26] യോവാബിലും അവന്റെ ഗൃഹത്തിലും ഒരു ശാപം വെക്കുകയും ചെയ്തു. യോവാബിന്റെ ശിക്ഷ എന്തുകൊണ്ട് കൂടുതൽ കഠിനമായിരുന്നില്ല എന്ന് നാം സംശയിച്ചേക്കാം. യോവാബിന് മരണശിക്ഷ വിധിച്ചാൽ ദാവീദിന്റെ തന്നെ സ്ഥാനം വിഭജിക്കപ്പെട്ടേക്കാം.[27] യെഹൂദ്യയിലെ പലരും, യോവാബ് ചെയ്തത് ശരിയാണ് എന്നു, വിചാരിച്ചതിൽ സംശയമില്ല. കൂടാതെ, അക്കാലത്ത് ഒരു ശാപത്തെ “നിസ്സാരമായ ശിക്ഷ” ആയിട്ടല്ല കണക്കാക്കിയിരുന്നത്. അവസാനം, ദാവീദ് പ്രയാസപ്പെട്ടു-പഠിച്ചതായ ഒരു പാഠം പരിശീലിക്കുകയായിരുന്നു: ചില കാര്യങ്ങൾ ദൈവ കരങ്ങളിൽ ഏല്പിക്കേണ്ടതായിട്ടുണ്ട്. “ദുഷ്ടത പ്രവർത്തിച്ചവന് അവന്റെ ദുഷ്ടതെയ്ക്കു തക്കവണ്ണം യെഹോവ പകരം കൊടുക്കട്ടെ,” അവൻ തീരുമാനിച്ചു (3:39).

നാലാമത്, അവൻ അബ്നേരിന്റെ പേരിൽ ഒരു ദേശീയ വിലാപ ദിനം പ്രഖ്യാപിക്കുകയും അവനെ പൂർണ്ണ ആദരവോടെ ഹെബ്രോനിൽ അടക്കുകയും ചെയ്തു. മൃതശരീരത്തെ വഹിച്ചു കൊണ്ടുള്ള യാത്രയിൽ ദാവീദ് പുറകിൽ നിന്ന് (അബ്നേരിന്റെ മൃതശരീരം കിടത്തിയിരുന്നതിന്റെ പിന്നിൽ) തന്റെ മുഖ്യ ആളുകളെ നയിച്ചു. അവർ നടന്നത് രാജകീയമായതോ അല്ലെങ്കിൽ സൈനിക വസ്ത്രം ധരിച്ചോ ആയിരുന്നില്ല; മറിച്ച്, ദാവീദ് എല്ലാവരോടും ചണവസ്ത്രം ധരിക്കുവാൻ കല്പിച്ചിരുന്നു.[28] (യോവാബിനോടും ചണവസ്ത്രം ധരിച്ച് അബ്നേരിനെ ആദരിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ഇത് എങ്ങനെ അവൻ സഹിച്ചു കാണും!) ശവസംസ്കാര സമയത്ത് ദാവീദ്, തന്റെ വർണ്ണരഹിതവും, പരുപരുത്തതുമായ വസ്ത്രം ധരിച്ച്, ശൗലിനു പാടിയതുപോലെ അബ്നേരിനും ദാവീദ് വിലാപഗാനം പാടി. ഒരിക്കൽ കൂടെ, ദാവീദിന്റെ മനസ്സലിവും സമാധാനാഭിലാഷവും തെളിഞ്ഞു കാണപ്പെട്ടു. “ഇന്ന് യിസ്രായേലിൽ പ്രഭുവും മഹാനുമായിരുന്നവൻ പട്ടുപോയി,” എന്ന് അവൻ വിലപിച്ചു (3:38).

അഞ്ചാമത്, ദാവീദ് യഥാർത്ഥമായ ദുഃഖമാണ് പ്രകടിപ്പിച്ചത്. അവൻ കരയുക മാത്രമല്ല ചെയ്തത്; അവൻ ശവസംസ്ക്കാര വിരുന്നിലും പങ്കെടുത്തില്ല. ദാവീദ് തന്റെ ദുഃഖം ആശയപ്രകടനം എന്നരീതിയിൽ ഒതുക്കുകയായിരുന്നില്ല എന്നത് ഞാൻ ഉറപ്പിക്കട്ടെ. ഉടനെയോ കുറച്ചു കാലം കഴിഞ്ഞോ തന്റെ തട്ടിപ്പ് തന്നോടൊപ്പം പിടിക്കപ്പെടുമെന്ന് (സാധാരണ പെട്ടെന്നാണ്) ഫെലിസ്ത്യയിൽ വെച്ച് ദാവീദ് മനസ്സിലാക്കി. ക്രമേണ, പിൻഗാമികൾ ആ ചതി കാണും. ദാവീദ് ആളുകളെ പ്രീതിപ്പെടുത്തി കാരണം അവന്റെ ദുഃഖം വാസ്തവത്തിലുള്ളതായിരുന്നു; ഒരു മഹാനായ മനുഷ്യന്റെ ദാരുണമായ മരണത്തിൽ അവൻ പൂർണ്ണമായും ഹൃദയം നുറുങ്ങപ്പെട്ട അവസ്ഥയിലായിരുന്നു.

ദാവീദിന്റെ നിർണ്ണായകവും ബുദ്ധിപൂർവ്വവുമായ പ്രവൃത്തികളുടെ ഫലം എന്തായിരുന്നു? ദാവീദു ചെയ്തത് ആളുകളെ സന്തോഷിപ്പിക്കുകയും അബ്നേരിന്റെ മരണത്തിൽ ദാവീദിനു പങ്കില്ല എന്ന് അവരെ ബോധ്യമാക്കുകയും ചെയ്തു.

ഓരോ അദ്ധ്യക്ഷനും ധൈര്യവും ജ്ഞാനവും ആവശ്യമാണ്. കർത്താവിനോടു കൂടുതൽ അടുക്കുന്തോറും അവ രണ്ടും അവന് ഉണ്ടാകുമെന്ന് ദൈവത്തിന്റെ അദ്ധ്യക്ഷന് അറിയാം. യോശുവ പറഞ്ഞു,

> എന്റെ ദാസനായ മോശെ നിന്നോടു കല്പിച്ചിട്ടുള്ള ന്യായപ്രമാണമൊക്കെയും അനുസരിച്ചു നടക്കേണ്ടതിന്നു; നല്ല ഉറപ്പും ധൈര്യവും ഉള്ളവനായി മാത്രം ഇരിക്ക ... ; ചെല്ലുന്നേടത്തൊക്കെയും നീ ശുഭമായിരിക്കേണ്ടതിന്നു, അതുവിട്ട് ഇടത്തോട്ടോ വലത്തോട്ടോ മാറരുത്. ഈ ന്യായപ്രമാണ പുസ്തകത്തിലുള്ളത് നിന്റെ വായിൽ നിന്ന് നീങ്ങിപ്പോകരുത്, നീ രാവും പകലും അതു ധ്യാനിച്ചുകൊണ്ടിരിക്കേണം, ... ഉറപ്പും ധൈര്യവും ഉള്ളവനായിരിക്ക! ... കാരണം നിന്റെ ദൈവമായ യെഹോവ നീ പോകുന്നേടത്തൊക്കെയും നിന്നോടുകൂടെ ഉണ്ട് (യോശുവ 1:7-9).

ദൈവേഷ്ടം പഠിക്കുകയും അതിനനുസരിച്ചു ജീവിക്കുകയും ചെയ്യുന്നതിൽ നിന്നാണ് ജ്ഞാനം വരുന്നതെന്ന് പഴയ നിയമത്തിലെ ബുദ്ധിമാനായ മനുഷ്യൻ പറഞ്ഞു (നോക്കുക സദൃശവാക്യങ്ങൾ 1:1, 2; 2:2; മുതലായവ.). യാക്കോബ് പറഞ്ഞു, "നിങ്ങളിൽ ഒരുവന്ന് ജ്ഞാനം കുറവാണെങ്കിൽ, അവൻ ദൈവത്തോട് യാചിക്കട്ടെ" (യാക്കോബ് 1:5).

ബൈബിൾ പഠനത്താലും പ്രാർത്ഥനയാലും നമ്മിൽ ദൈവത്തിന്റെ ഉദ്ദേശ്യം നിറച്ചുകൊണ്ട് നമ്മെ ദൈവത്തിന്റെ വ്യക്തിയായി മാറ്റിയെടുക്കാം. പിന്നെ, പ്രതിസന്ധികൾ വരുമ്പോൾ, നമുക്ക് ധൈര്യത്തോടെ അതിനെ നേരിടുവാൻ കഴിയും.

### ബുദ്ധിയുള്ള അദ്ധ്യക്ഷന്മാർ അവരുടെ ബലഹീനതകൾ മറച്ചു പിടിക്കയില്ല (2 ശമു. 3:38, 39)

ദാവീദ് ആളുകളെ തൃപ്തരാക്കുന്ന ഒരു കാര്യം കൂടി ചെയ്തു: അവൻ തന്റെ തെറ്റുകളെ സമ്മതിച്ചു. നോക്കുക 3:38, 39: "രാജാവ് തന്റെ ഭൃത്യന്മാരോടു പറഞ്ഞു, ... 'ഞാൻ രാജാഭിഷേകം പ്രാപിച്ചവൻ എങ്കിലും, ഇന്നു ബലഹീനനാകുന്നു; സെരൂയയുടെ പുത്രന്മാരായ [അതായത്, യോവാബും അവന്റെ സഹോദരന്മാരും] ഈ പുരുഷന്മാർ എനിക്ക് ഒതുങ്ങാത്ത കഠിനന്മാരത്രെ.'" അബ്നേരിന്റെ മരണത്തിൽ തനിക്കു പങ്കില്ല എന്നു ദാവീദ് പറഞ്ഞുവെങ്കിലും, ഒരർത്ഥത്തിൽ തന്റെ കീഴിലുള്ള ഒരാളുടെ പ്രവൃത്തിക്ക് അവനും ഉത്തരവാദിയാണെന്ന് അവനറിയാമായിരുന്നു. ദാവീദ് പറഞ്ഞത്, "ഞാനൊരു ശക്തനായ അദ്ധ്യക്ഷൻ ആകേണ്ടതുപോലെ ആയിരുന്നുവെങ്കിൽ, യോവാബും അവന്റെ കൂടെ ഗൂഢാലോചന നടത്തിയവരും ഒരിക്കലും അതു ചെയ്യുവാൻ ധൈര്യപ്പെടുമായിരുന്നില്ല."

കാര്യങ്ങൾ തെറ്റിപ്പോകുമ്പോൾ, ബലിയാടിനെ പോലെ, മറ്റുള്ളവരിൽ കുറ്റം ചുമത്തുവാൻ നോക്കാതെ, സ്വന്ത ചുമലിൽ തെറ്റ് (ചിലപ്പോൾ കൂടു

തലും) ഏറ്റെടുക്കുന്നവരെ – അത് ഒരു വിജയിക്കാവുന്ന ഒരു റ്റീമിന്റെ കോച്ചായിരുന്നാലും, തന്റെ കീഴിലുള്ളവരുടെ തെറ്റായ നിർദ്ദേശ പ്രകാരം വിപത്തു വിതച്ച രാഷ്ട്രീയ നേതാവായാലും, അല്ലെങ്കിൽ പ്രശ്നങ്ങൾ നിറഞ്ഞ ഇടവകയിലെ മൂപ്പന്മാരായാലും ഞാൻ അഭിനന്ദിക്കുന്നു. ഒരു നിയമമായി, ആളുകൾ രണ്ടാമത് ഒരവസരം കൊടുക്കുന്നത് ഒരാൾ തുറന്ന മനസ്സോടെ തെറ്റുകൾ സമ്മതിക്കുമ്പോഴാണ് അല്ലാതെ ഒരാൾ വ്യക്തമായി തെറ്റു ചെയ്തിട്ട് അതിന്റെ എല്ലാ ഉത്തരവാദിത്വവും നിഷേധിക്കുമ്പോഴല്ല.

ദാവീദ് തന്റെ ബലഹീനതകളെ സമ്മതിച്ചപ്പോൾ അവനോടുള്ള അവന്റെ അനുയായികളുടെ ബഹുമാനം കുറഞ്ഞുപോയില്ല; പിന്നെയോ, അവൻ അവരുടെ ബഹുമാനം കൂടുതൽ നേടുകയാണ് ചെയ്തത്. 2 കൊരിന്ത്യർ 12:9, 10–ൽ പൗലൊസ് എഴുതിയ മനോഭാവത്തെ ദാവീദ് ഉൾക്കൊള്ളുകയായിരുന്നു:

> അവൻ [ദൈവം] എന്നോടു, "എന്റെ കൃപ നിനക്കു മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു." ആകയാൽ, ക്രിസ്തുവിന്റെ [കർത്താവിന്റെ] ശക്തി എന്റെ മേൽ ആവസിക്കേണ്ടതിന്, ഞാൻ അതി സന്തോഷത്തോടെ, എന്റെ ബലഹീനതകളിൽ പ്രശംസിക്കും. അതുകൊണ്ടു ഞാൻ ക്രിസ്തുവിനുവേണ്ടി ബലഹീനത സഹിപ്പാൻ ഇഷ്ടപ്പെടുന്നു, ... കാരണം ബലഹീനനാകുമ്പോൾ തന്നേ, ഞാൻ ശക്തനാകുന്നു.

തന്റെ അപൂർണ്ണതകളെ സമ്മതിക്കാൻ കഴിയാത്ത അദ്ധ്യക്ഷൻ സുരക്ഷിതത്വമില്ലാത്ത നായകൻ ആണ്. യഥാർത്ഥ അദ്ധ്യക്ഷന്മാർ തങ്ങളുടെ ബലഹീനതകളെ സമ്മതിക്കുവാൻ തക്ക ശക്തരും, അവരുടെ പോരായ്മകളെ സമ്മതിക്കുവാൻ തക്ക ആത്മ-വിശ്വാസമുള്ളവരും, തെറ്റുകളെ ഏറ്റു പറയുവാൻ തക്ക വിശാല മനസ്കരും ആണ്.

### പ്രശ്നങ്ങൾ വരുമ്പോഴും ബുദ്ധിയുള്ള അദ്ധ്യക്ഷന്മാർ വിശ്വാസത്തിൽ തന്നെ നിലനില്ക്കും (2 ശമു. 4:1-5:5; 1 ദിന. 11:1-3; 12:23-40)

അബ്നേരിനെ ചതിച്ചു കൊന്നതിന്റെ പ്രത്യാഘാതം ദാവീദ് മാറ്റിയ ഉടനെ തന്നെ, ഒരു നാശത്തിന്റെ വലിയ അല ചക്രവാളത്തിൽ ഉയർന്നു. ഈശ്-ബോശെത്തിന്റെ സൈന്യത്തിലെ സൈന്യാധിപന്മാരായിരുന്ന, രണ്ടു സഹോദരന്മാർ, അബ്നേർ മരിച്ചതിനെ കുറിച്ചു കേൾക്കുകയും ദാവീദിന്റെ പ്രീതി സമ്പാദിക്കുവാൻ ഭയങ്കരമായ ഒരു പദ്ധതി ആലോചിക്കുകയും ചെയ്തു.[29] ഉച്ചഭക്ഷണശേഷം മിക്കവാറും എല്ലാവരും മയക്കത്തിലായിരുന്ന സമയത്ത് അവർ ഈശ്-ബോശെത്തിന്റെ വീട്ടിൽ എത്തി.[30] അവർ ധൈര്യത്തോടെ രാജാവിന്റെ കിടപ്പുമുറിയിൽ എത്തുകയും രാജാവിനെ കൊല്ലുകയും ചെയ്തു. അവർ അവന്റെ തല ഛേദിച്ച് രാത്രി മുഴുവൻ സഞ്ചരിച്ച് ദാവീദിന്റെ അടുക്കൽ എത്തി.

അവർ ഈശ്-ബോശെത്തിന്റെ തല കയ്യിൽ പിടിച്ചുകൊണ്ട് ദാവീദിന്റെ വാതില്ക്കൽ എത്തിയപ്പോൾ, അവർ കണ്ടത് അടുത്ത യിസ്രായേലിലെ മുഴുവൻ രാജാവായി തീരുവാനുള്ളവനെ അവർ തെറ്റിദ്ധരിപ്പിച്ചതായിട്ടാണ്. ഒരിക്കൽ കൂടി പെട്ടെന്നുള്ള പ്രവൃത്തി ആവശ്യമായിരുന്നു, അല്ലെങ്കിൽ ദാവീദ്

ആ പ്രവർത്തിയിൽ ഉൾപ്പെട്ടു എന്ന വാർത്ത പെട്ടെന്നു വ്യാപിക്കുമായിരുന്നു. ശൗലിനെ കൊന്നു എന്നവകാശപ്പെട്ട അമാലേക്യനു വിധിച്ച ശിക്ഷ ദാവീദ് അവരെ ഓർമ്മിപ്പിച്ചു. അവൻ പറഞ്ഞു, "എന്നാൽ ദുഷ്ടന്മാർ, ഒരു നീതിമാനെ[31] അവന്റെ വീട്ടിൽ മെത്തയിൽ വെച്ചു കുല ചെയ്താൽ, എത്ര അധികം ഞാൻ അവന്റെ രക്തം നിങ്ങളോടു ചോദിച്ചു, നിങ്ങളെ ഭൂമിയിൽ നിന്നു ഛേദിച്ചു കളയാതിരിക്കുമോ?" (2 ശമുവേൽ 4:11).

അവൻ ആ രണ്ടു പുരുഷന്മാരെ കൊന്നു, അവരുടെ കൈകളും കാലുകളും മുറിച്ച്, പരസ്യമായ സ്ഥലത്ത് തൂക്കിയിട്ടു. ദാവീദ് രണ്ടു അർത്ഥമുള്ള സന്ദേശമാണ് നൽകിയത്: (1) സദൃശവാക്യങ്ങൾ 6:16–19 ലെ പൊതുവായ സന്ദേശം: കർത്താവ് "നിരപരാധികളുടെ രക്തം ചിന്തിയ കൈകളെ"യും "ദുഷ്പ്രവൃത്തിക്കായി ഓടുന്ന കാലുകളെ" യും വെറുക്കുന്നു; (2) പ്രത്യേക സന്ദേശം എന്തെന്നാൽ ദൈവത്തിന്റെ അഭിഷിക്തനായതുകൊണ്ട്, അവൻ തെറ്റും വഞ്ചനയും സഹിക്കുകയില്ല, അതു ലംഘിക്കുന്നവർ പെട്ടെന്നുള്ള നീതിയെ നേരിടേണ്ടിവരും എന്നാണ്.

ദാവീദ് പിന്നെ ഭക്തിയോടെ ഈശ്-ബോശെത്തിന്റെ തല അബ്നേരിന്റെ കല്ലറയിൽ അടക്കി. അത് ശൗലിന്റെ രാജവംശത്തോടുള്ള അവസാന വന്ദനം ആയിരുന്നു.

ബേയ്സ്ബാളിലെ മഹാനായ യോഗി ബേരാ പലപ്പോഴും ഉദ്ധരിച്ച് പറയാറുള്ളത്, "അതു കഴിയുന്നതുവരെ അതു കഴിയുന്നില്ല" - ഇതു സത്യമാണെന്ന് എല്ലാ അദ്ധ്യക്ഷന്മാർക്കും അറിയാം. ഒരു കുഴപ്പത്തെ നിങ്ങൾ പുറം വാതിലിലൂടെ അടിച്ചു കളഞ്ഞിട്ട് നിങ്ങളെ സ്വയം അഭിനന്ദിക്കുവാൻ തുടങ്ങുമ്പോൾ ഉടനെ, വലുതൊന്ന് നിങ്ങളുടെ മുൻ വാതിലിലൂടെ പ്രവേശിക്കും. സുപരിചിതമായ "മർഫിയുടെ നിയമം" പറയുന്നതു "തെറ്റിപ്പോകുവാൻ സാധ്യതയുള്ളതെല്ലാം തെറ്റിപ്പോകും." അദ്ധ്യക്ഷന്മാർക്ക് മർഫിയുടെ ഒരു പ്രത്യേക നിയമം ഉള്ളത്: "ആയിരം പ്രാവശ്യം ഗുണിച്ചാൽ - തെറ്റിപ്പോകുവാൻ സാധ്യതയുള്ളതെല്ലാം, തെറ്റിപ്പോകും."

എങ്ങനെയായാലും, യഥാർത്ഥ അദ്ധ്യക്ഷന്മാർ ക്രിയാത്മകമായി നിലകൊള്ളും. അവർ അന്തിമ വിജയത്തിൽ ആത്മവിശ്വാസമുള്ളവർ ആയിരിക്കും. പ്രത്യേകിച്ച് ദൈവം തങ്ങളോടു കൂടെ ഉണ്ട് എന്ന് ബോധ്യമുള്ളവരായ ദൈവത്തിന്റെ അദ്ധ്യക്ഷന്മാർക്കു, ഇതു വാസ്തവമാണ് (റോമർ 8:31).

ശമുവേൽ ദാവീദിനെ അഭിഷേകം ചെയ്തു ഇരുപതു വർഷത്തോളം, ജീവിതം വെല്ലുവിളിയെ ഓരോന്നായി നേരിട്ടുകൊണ്ടിരുന്നു! എങ്ങനെയായാലും, ദാവീദ് വിട്ടുകളഞ്ഞില്ല. അത്തരം വിശ്വസ്ഥതയ്ക്ക് ദൈവം പ്രതിഫലം നൽകും. അങ്ങനെ നാം അദ്ധ്യായം 5-ന്റെ ആദ്യ ഭാഗം വായിക്കുന്നു:

> അനന്തരം യിസ്രായേൽ ഗോത്രങ്ങളൊക്കെയും ഹെബ്രോനിൽ ദാവീദിന്റെ അടുക്കൽ വന്നു പറഞ്ഞു, "ഞങ്ങൾ, നിന്റെ അസ്ഥിയും മാംസവും ആകുന്നുവല്ലോ. മുൻപ്, ശൗൽ ഞങ്ങളുടെ രാജാവായിരുന്നപ്പോൾ, നായകനായി യിസ്രായേലിനെ നടത്തിയത് നീ ആയിരുന്നു [അവരുടെ സൈന്യ പാളയങ്ങളിൽ,എൻഐവി]. യഹോവ നിന്നോട് അരുളിച്ചെയ്തിട്ടുമുണ്ട്, 'നീ എന്റെ ജനമായ യിസ്രായേലിനെ മേയ്ക്കയും, യിസ്രായേലിനു പ്രഭുവായിരിക്കയും ചെയ്യും'." ഇങ്ങനെ യിസ്രായേൽ മൂപ്പന്മാരൊക്കെയും ഹിബ്രോനിൽ രാജാവിന്റെ അടുക്കൽ വന്നു, ദാവീദു രാജാവ് ഹെബ്രോ

നിൽ വെച്ച് യഹോവയുടെ സന്നിധിയിൽ അവരോടു ഉടമ്പടി ചെയ്തു; അവർ ദാവീദിനെ യിസ്രായേലിന്റെ രാജാവായിട്ട് അഭിഷേകം ചെയ്തു[32] (വാ. 1-3).

1 ദിനവൃത്താന്ത എഴുത്തുകാരൻ പറയുന്നതു മൂപ്പന്മാർ വന്നപ്പോൾ, എല്ലാ ഉത്തരഗോത്രങ്ങളിൽ നിന്നും പടയാളികൾ വന്നതു "ശൗലിന്റെ രാജ്യം, യഹോവയുടെ അരുളപ്പാടനുസരിച്ച് അവനു നൽകുന്നതിനാണ്" (12:23). "അവർ ദാവീദിനെ യിസ്രായേലിൽ ഒക്കെയും രാജാവാക്കി വയ്ക്കുവാൻ നിർണ്ണയിച്ചുകൊണ്ടാണ് ഹെബ്രോനിലേക്കു വന്നത്" (വാ. 38; എൻഐവി). വന്നവർ 340,000[33] സൈന്യത്തെ പ്രതിനിധാനം ചെയ്തുകൊണ്ടാണ് വന്നത്! അവർ മൂന്നു ദിവസത്തേക്കു വേണ്ട മനോഹരമായ വിരുന്നിന് ആവശ്യമുള്ള സാധനങ്ങളുമായിട്ടാണ് വന്നത്. അത് അന്നുവരെ ഉണ്ടാകാത്ത വലിയൊരു പാർട്ടി തന്നെ ആയിരുന്നിരിക്കണം! "യിസ്രായേലിൽ തീർച്ചയായും ഉല്ലാസം കൈവന്നു" (1 ദിനവൃത്താന്തം 12:40).

ദാവീദ് അവസാനം തന്റെ മുപ്പതുവർഷക്കാല തയ്യാറെടുപ്പിനുശേഷം, ജീവിതത്തിൽ പ്രവർത്തി ചെയ്യുവാൻ തയ്യാറായി!

ദാവീദ് വാഴ്ച്ച തുടങ്ങിയപ്പോൾ അവനു മുപ്പതു വയസ്സായിരുന്നു, അവൻ നാല്പതു സംവത്സരം വാണു. അവൻ ഹെബ്രോനിൽ യെഹൂദയ്ക്കു ഏഴു സംവത്സരവും ആറു മാസവും, യെരുശലേമിൽ എല്ലാ യിസ്രായേലിന്നും യെഹൂദയ്ക്കും മുപ്പത്തി മൂന്നു സംവത്സരവും രാജാവായി വാണു (2 ശമുവേൽ 5:4, 5).

### തങ്ങൾക്കുള്ളത് സ്ഥാനമല്ല, എന്നാൽ ഉത്തരവാദിത്വമാണ് എന്ന് ബുദ്ധിയുള്ള അദ്ധ്യക്ഷന്മാർ മനസ്സിലാക്കും (2 ശമു. 5:6-10; 1 ദിനവൃ. 11:4-9)

വീണ്ടും, ഇത് ഒരു യക്ഷിക്കഥ ആയിരുന്നുവെങ്കിൽ, "അവർ അതിനു ശേഷം സന്തോഷകരമായി എന്നേക്കും ജീവിച്ചു" എന്നു പറയുന്നത്, ഇപ്പോൾ ഉചിതമാകുമായിരുന്നു. ഇത്, എങ്ങനെയായാലും, യക്ഷിക്കഥ അല്ല; ഇത് യഥാർത്ഥ ജീവിതവും ചിട്ടയായി സംവിധാനം ചെയ്യാത്തതുമാണ്. എല്ലാ പന്ത്രണ്ടു ഗോത്രങ്ങളാലും ദാവീദ് രാജാവായി തീർന്നപ്പോൾ, അവന്റെ ജോലി തുടങ്ങിയതേയുള്ളൂ. ഓരോ പ്രാവശ്യവും നിങ്ങൾ ഒരു ലക്ഷ്യത്തിലെത്തുമ്പോൾ, പുതിയ ഒരു കൂട്ടം പ്രശ്നങ്ങളിലേക്കും നിങ്ങൾ എത്തുകയാണെന്ന് പറയപ്പെട്ടിട്ടുണ്ട്.

നേടിയതായ ഐക്യം ഉറപ്പിക്കുക എന്നതായിരുന്നു ദാവീദിന് ആദ്യം ചെയ്യുവാൻ ഉണ്ടായിരുന്നത്. പുതുതായി കൈവരിച്ച ഐക്യത, ഓരോ മനോവികാരവും എളുപ്പം സ്പർശിക്കുന്ന, മരണം എപ്പോഴും അടുത്തുള്ള സുരക്ഷിതമല്ലാത്ത പുതുതായി ജനിച്ച ശിശുക്കളെ പോലെയാണ്. ദാവീദ് ധീരവും ബുദ്ധിപരവുമായി പ്രവർത്തിക്കുവാൻ തീരുമാനിച്ചത്, അവന് ഊഹിക്കുവാൻ കഴിയുന്നതിനപ്പുറമുള്ളതായിരുന്നു. അവൻ യെരുശലേമിനെ കീഴടക്കി തന്റെ രാജകീയ പട്ടണമാക്കുവാനും, ദേശത്തിന്റെ തലസ്ഥാനമാക്കുവാനും, യിസ്രായേലിന്റെ ആത്മീയ കേന്ദ്രമാക്കി തീർക്കുവാനും തീരുമാനിച്ചു.

പുരാതന പട്ടണമായ, യെരുശലേം, ദേശത്തെ ഏറ്റവും ഉയർന്ന സ്ഥാന

ത്താണ് കെട്ടിപ്പടുത്തിരിക്കുന്നത്. മൽക്കിസദേക്ക് രാജാവായിരുന്ന, അബ്രഹാമിന്റെ കാലത്തും അതൊരു രാജകീയ പട്ടണമായിരുന്നു.[34] യെരുശലേമിന് അടുത്തായിരുന്നു, അബ്രഹാം യിസഹാക്കിനെ യാഗമർപ്പിക്കുവാൻ കൊണ്ടുപോയ മോറിയാ മല. യോശുവ ആ ദേശത്തേക്കു മാർച്ചു ചെയ്തപ്പോൾ, അവൻ യെരുശലേം രാജാവിനെ കൊന്നിരുന്നു (ഒ.വാ. യോശുവ. 10:22–27), എന്നാൽ പട്ടണം പിടിച്ചെടുക്കുവാൻ അവനു കഴിഞ്ഞില്ല (യോശുവ 15:63). വർഷങ്ങളായി മറ്റുള്ളവർ പട്ടണം പിടിച്ചെടുക്കുവാൻ ശ്രമിച്ചു, എങ്കിലും പരാജയപ്പെട്ടിരുന്നു (ന്യായാധിപന്മാർ 1:21). മൂന്നു വശത്തും ആഴമേറിയ താഴ്‌വരകളാൽ ചുറ്റപ്പെട്ട യെരുശലേം, പിടിച്ചടക്കാനസാദ്ധ്യമായ കോട്ടയായി നാനൂറു വർഷങ്ങളായി യിസ്രായേലിന്റെ ഹൃദയഭാഗത്ത് നിലകൊള്ളുന്നു. യെരുശലേം പിടിച്ചടക്കിക്കൊണ്ട്, ദാവീദ് ഐക്യതയുടെ ശക്തി കാണിച്ചുകൊടുത്തു; ഒരുമിച്ചു പ്രവർത്തിച്ചുകൊണ്ട്, മറ്റാർക്കും ഒറ്റയ്ക്കു കൈവരിക്കാൻ കഴിയാത്ത നേട്ടം യിസ്രായേൽ കൈവരിച്ചു. കൂടാതെ, യെഹൂദാ ഗോത്രത്തിനും ബെന്യാമീൻ ഗോത്രത്തിനും ഇടയ്ക്കുള്ള ചേരിചേരാ സ്ഥലമായിരുന്നു യെരുശലേം എന്നതുകൊണ്ട്, തന്റെ വാഴ്ചയിൽ ദാവീദ് മുഖപക്ഷം കാണിക്കുകയില്ല എന്നും കാണിക്കാൻ സാധിക്കും.

യെരുശലേമിനെ പിടിച്ചടക്കുക എന്നതു പറയുന്നതുപോലെ എളുപ്പമായിരുന്നില്ല. ദാവീദും അവന്റെ സൈന്യവും പട്ടണത്തിലേക്കു മാർച്ചു ചെയ്തപ്പോൾ, ആ പ്രതിരോധ കോട്ട പിടിച്ചടക്കിയ യെബൂസ്യർ[35] പരിഹാസ ശരങ്ങൾ എറിഞ്ഞു. "നിങ്ങൾ ഒരിക്കലും ഇവിടേയ്ക്കു കയറി വരികയില്ല!" എന്ന് അവർ നിലവിളിച്ചു. "അന്ധനും മുടന്തനും പോലും കടന്ന് നിങ്ങളെ കീഴ്പ്പെടുത്താം" (നോക്കുക 2 ശമുവേൽ 5:6)! എങ്ങനെയായാലും, ചില രീതിയിൽ, പട്ടണത്തിന്റെ പ്രതിരോധ സ്ഥാനങ്ങളിലെ പഴുത് ദാവീദിന് അറിയാമായിരുന്നു. പട്ടണത്തിന്റെ നടുവിൽ ഉണ്ടായിരുന്ന കിണറിലേക്ക് പുറം മതിലുകളിലെ അരുവിയിൽ നിന്ന് ഒരു വെള്ള തുരങ്കം പോകുന്നുണ്ടായിരുന്നു. ആ തുരങ്കം വഴി നീന്തി ആഴമുള്ള കിണർ കയറിപ്പറ്റുന്നത് ആത്മഹത്യാപരമായിരുന്നു, അതുകൊണ്ട് ദാവീദ് ഇങ്ങനെ ഒരു ആനുകൂല്യം നൽകി: "ആരെങ്കിലും യെബൂസ്യരെ ആദ്യം തോല്പിച്ചാൽ അവൻ തലവനും [എന്റെ സൈന്യത്തിലെ] സേനാപധിയുമായിരിക്കും" (1 ദിനവൃത്താന്തം 11:6). ഒട്ടും മടിക്കാതെ, ആ തണുത്ത വെള്ളത്തിലേക്ക് യോവാബ് എടുത്തു ചാടി, ഇരുട്ടിൽ കൂടി തുരങ്കത്തിന്റെ ആരംഭ സ്ഥാനത്തേക്കു തന്റെ ആളുകളെ നയിച്ചുകൊണ്ടു നീന്തി. അധികം താമസിയാതെ യെരുശലേം ദാവീദിന്റെ സൈന്യത്തിന്റെ കയ്യിലായി – യോവാബ്, ദാവീദിന്റെ നിർഭയനും ഉപദ്രവകാരിയുമായ യോദ്ധാവ്, അങ്ങനെ ദാവീദിന്റെ മുഖ്യ സേനാധിപതിയായി തീർന്നു. (നിങ്ങളുടെ യോവാബുമാരെ ഒഴിവാക്കുന്നത് പ്രയാസമാണ്!)

ദാവീദ് ഉടനെ യെരുശലേമിനെ തന്റെ തലസ്ഥാനമാക്കുകയും അതിർത്തികൾ വിപുലീകരിക്കുകയും ചെയ്തു.[36] പെട്ടെന്ന് അത് "ദാവീദിന്റെ പട്ടണം" എന്നറിയപ്പെടുവാൻ തുടങ്ങി. ദിവസങ്ങൾ കടന്നുപോയപ്പോൾ, "ദാവീദ് മേൽക്കുമേൽ പ്രബലനായി തീർന്നു, കാരണം സൈന്യങ്ങളുടെ യെഹോവ അവനോടുകൂടെ ഉണ്ടായിരുന്നു" (2 ശമുവേൽ 5:10).

2 ശമുവേൽ 5:11–ലെ ഒരു കുറിപ്പു ദാവീദിന്റെ വിജയം അടിവരയിട്ട് കുറിച്ചിരിക്കയാണ്: "സോർ രാജാവായ ഹീരാം ദാവീദിന്റെ അടുക്കൽ ദൂതന്മാരെയും ദേവദാരുക്കളെയും ആശാരികളെയും കൽപ്പണിക്കാരെയും അയച്ചു;

അവർ ദാവീദിനു ഒരു അരമന [അതായതു, ഒരു സ്ഥലം] പണിതു." ഒരു പ്രമുഖ തുറമുഖമായ, സോർ എന്നത്, ഫൊയ്നിക്യയിലായിരുന്നു, അത് യിസ്രായേലിന്റെ കുറച്ചു വടക്കായിരുന്നു. ഹീരാമിന്റെ സമ്മാനം പ്രാധാന്യ മുള്ളതായിരുന്നു കാരണം ദാവീദിന്റെ പുതിയ നിലവാരത്തെ അംഗീകരിച്ച ആദ്യ വിദേശ ശക്തിയായിരുന്നു അവൻ.

ഹീരാമിന്റെ ഔദാര്യം ദാവീദിനെ സന്തോഷിപ്പിച്ചു. "ഇങ്ങനെ യഹോവ യിസ്രായേലിൽ തന്നെ രാജാവായി സ്ഥിരപ്പെടുത്തുകയും, അവന്റെ ജനമായ യിസ്രായേൽ നിമിത്തം തന്റെ രാജത്വം ഉന്നതമാക്കുകയും ചെയ്തു എന്നു ദാവീദ് അറിഞ്ഞു" (2 ശമുവേൽ 5:12). എന്തെങ്കിലും പ്രത്യേകമായ സംഭവം നിങ്ങളുടെ ജീവിതത്തിൽ ഉണ്ടായി നിങ്ങൾ അതിശയകരമായി ചോദിച്ചി ട്ടുണ്ടോ, "ഇതു യാഥാർത്ഥ്യമാണോ? ഞാൻ ഉണർന്നു നോക്കുമ്പോൾ അതു സത്യമല്ലാതിരിക്കുമോ?" ശരിക്കും, ദാവീദ് അതുപോലെയുള്ള ഒരവസ്ഥയി ലായിരുന്നു. ഹീരാമിന്റെ പ്രവൃത്തികൾ ഉറപ്പിച്ചത് ദൈവത്തിന്റെ വാഗ്ദാനം പൂർത്തിയായി എന്നാണ്.

ഹീരാമിന്റെ നല്ല മനസ് ദാവീദിന്റെ അടുക്കലേക്കു മറ്റൊരു സത്യം കൂടെ കൊണ്ടുവന്നു. "അവന്റെ ജനമായ യിസ്രായേൽ നിമിത്തം തന്റെ രാജത്വം ഉന്നതമാക്കുകയും ചെയ്തു ... എന്നു ദാവീദ് തിരിച്ചറിഞ്ഞു." നിങ്ങളുടെ മന സിൽ അതു അടിവരയിടുക: ദാവീദു നിമിത്തമല്ല, എന്നാൽ "ദൈവജനമായ യിസ്രായേൽ നിമിത്തം." നിരവധി ആളുകൾ വിചാരിക്കുന്നത് നേതൃത്വത്തിന്റെ ഉദ്ദേശം അവരുടെ ഇഷ്ടം നിറവേറ്റുവാനും, അവരുടെ ആഗ്രഹങ്ങൾ പ്രാവർത്തികമാക്കുവാനും, തങ്ങൾക്കു ബോധിച്ച വിധത്തിൽ കാര്യങ്ങൾ ചെയ്യാനുള്ളതുമാണെന്നാണ്. ദാവീദിനു വ്യക്തിപരമായ കാര്യങ്ങൾ ചെയ്യാൻ ഇല്ലായിരുന്നു, എന്നാൽ ദൈവികമായ കാര്യങ്ങളായിരുന്നു ഉണ്ടായിരുന്നത്. അവൻ ചെയ്തതെല്ലാം ദൈവജനത്തിൻ നിമിത്തമായിരുന്നു.

നേതൃത്വം ഒരു സ്ഥാനമല്ല, മറിച്ച് ഒരു ഉത്തരവാദിത്വമാണ്. ദാവീദിനു ണ്ടായിരുന്ന ഉത്തരവാദിത്വം തിരിച്ചറിയുക പ്രയാസമാണ്. അതിനെ നമുക്കു ഇന്നു ഒന്നുമായും താരതമ്യം ചെയ്യുവാനില്ല. ദാവീദിനു ആളുകളുടെ രാഷ്ട്രീ യവും സാമ്പത്തികവുമായ ക്ഷേമം മാത്രം നോക്കിയാൽ പോരായിരുന്നു; ജനങ്ങളുടെ ആത്മിയ ക്ഷേമവും നോക്കേണ്ടിയിരുന്നു. പ്രധാനമാന്ത്രിയുടെ ഘനമേറിയ ഉത്തരവാദിത്വങ്ങൾ ചിന്തിച്ചു നോക്കുക. നിറയെ ഉത്തരവാദിത്വ ങ്ങളുള്ള കർത്താവിന്റെ സഭയിലെ മൂപ്പന്മാരെ ഓർത്തു നോക്കുക (എബ്രാ യർ 13:17). പിന്നെ, ദശലക്ഷക്കണക്കിനു അംഗങ്ങളുള്ള ഒരു ഇടവകയിലെ മൂപ്പന്റെ ഉത്തരവാദിത്വങ്ങളെ, പ്രധാനമന്ത്രിയുടെ ഉത്തരവാദിത്വവുമായി യോജി പ്പിച്ചു ചിന്തിക്കുക! അപ്പോൾ നിങ്ങൾക്ക് ദാവീദ് അഭിമുഖീകരിച്ച വെല്ലുവി ളിയെ കുറിച്ചു കുറെയൊക്കെ മനസിലാകും.

തങ്ങൾ നേതൃസ്ഥാനത്തെത്തിയതു തങ്ങളെത്തന്നെ സേവിക്കുവാനല്ല, എന്നാൽ മറ്റുള്ളവരെ സേവിക്കുവാനാണെന്ന് എല്ലാ അദ്ധ്യക്ഷന്മാരും തിരി ച്ചറിയണം. ഏറ്റവും മുഖ്യമായി, തങ്ങൾ സേവിക്കുന്ന ആളുകളുടെ *ധാർമ്മി കവും ആത്മികവും* ആയ ക്ഷേമത്തിൽ അവർക്ക് ഉത്തരവാദിത്വമുണ്ടെന്ന തിരിച്ചറിവു അദ്ധ്യക്ഷന്മാരിൽ വേണം. നിർഭാഗ്യവശാൽ, അധികം പേരും ഇതു മനസ്സിലാക്കുന്നില്ല.

## ബുദ്ധിയുള്ള അദ്ധ്യക്ഷന്മാർ അനുയായികളുടെ സുരക്ഷിതത്വത്തെക്കുറിച്ചു കരുതുന്നവരായിരിക്കും (2 ശമു. 5:17-25; 1 ദിനവൃ.14:8-16)

മൂപ്പന്മാരുമായുള്ള അബ്നേരിന്റെ മുമ്പിലത്തെ സമ്മേളനത്തിൽ, അവൻ പറഞ്ഞു, "യഹോവ ദാവീദിനെക്കുറിച്ചു, അരുളിച്ചെയ്തിരിക്കുന്നു, 'ഞാൻ എന്റെ ദാസനായ ദാവീദിന്റെ കൈകൊണ്ടു എന്റെ ജനമായ യിസ്രായേലിനെ ഫെലിസ്ത്യർ മുതലായ സകല ശത്രുക്കളുടെ കയ്യിൽനിന്നു രക്ഷിക്കും'" (2 ശമുവേൽ 3:18).[37] ഈ വാഗ്ദാനം പുതുതായി-കിരീടധാരിയായ രാജാവിനു പരീക്ഷണമായി. "അവർ ദാവീദിനെ യിസ്രായേലിന്നു രാജാവായി അഭിഷേകം ചെയ്തു എന്നു ഫെലിസ്ത്യർ കേട്ടപ്പോൾ, ഫെലിസ്ത്യർ ഒക്കെയും ദാവീദിനെ പിടിപ്പാൻ വന്നു" (2 ശമുവേൽ 5:17). ദേശം വിഭജിക്കപ്പെട്ടിരിക്കയും ദാവീദ് യെഹൂദാഗോത്രത്തിന്റെ മാത്രം രാജാവായിരിക്കയും ചെയ്യുന്നേടത്തോളം കാലം, ഫെലിസ്ത്യർക്കു അവൻ ഒരു ഭീഷണി ആയിരുന്നില്ല. എങ്ങനെയായാലും, യിസ്രായേൽ ദാവീദിനു കീഴിൽ യോജിച്ചു, അവന്റെ നിയന്ത്രണത്തിൽ 300, 000 യോദ്ധാക്കൾ ഉണ്ടാകുകയും ചെയ്തപ്പോൾ, ദാവീദ് പ്രതിരോധം തീർക്കുന്നതിനുമുമ്പു അവനെ നശിപ്പിക്കുവാനായി ഫെലിസ്ത്യർ ഓടിയെത്തി.

ഇതു നിസാരമായ ആക്രമണം ആയിരുന്നില്ല. ഇത് എല്ലാവരും-ചേർന്നുള്ള, ശൗലിനെ നശിപ്പിച്ച തരത്തിലുള്ള യുദ്ധമായിരുന്നു. "ഫെലിസ്ത്യ*രെല്ലാവരും* ചേർന്നു ദാവീദിനെ പിടിപ്പാൻ പോയി" എന്നതു ഊന്നിപ്പറഞ്ഞിരിക്കുന്നു. എൻഐവി പറയുന്നത്, "അവനെ തിരയേണ്ടതിന്നു അവർ മുഴുവൻ സൈന്യത്തോടുകൂടെ പോയി" എന്നാണ്. അവർ ഫെലിസ്ത്യയിൽ നിന്നു, യെരുശലേമിനു കുറച്ചു ദൂരെയുള്ള, രെഫായിം താഴ്‌വര എത്തുന്നതുവരെ, കൊല്ലുകയും മോഷ്ടിക്കുകയും ചെയ്തുകൊണ്ടാണ് മുന്നേറിയത്.[38]

താഴ്‌വരയുടെ താഴെ സൈന്യം വ്യാപിച്ചിരിക്കുന്നതു ദാവീദ് കണ്ടപ്പോൾ, അവൻ യിസ്രായേലിന്റെ യഥാർത്ഥ രാജാവിലേക്കു തിരിഞ്ഞു. അവൻ യഹോവയോടു ചോദിച്ചു, "ഞാൻ ഫെലിസ്ത്യരുടെ നേരെ തിരിയേണമോ?" ദൈവം അവനോടു പറഞ്ഞു, "പുറപ്പെടുക, ഞാൻ ഫെലിസ്ത്യരെ നിന്റെ കയ്യിൽ ഏല്പിക്കും" (2 ശമുവേൽ 5:19). വർഷങ്ങൾക്കു ശേഷം ആദ്യമായി ദൈവത്തിന്റെ സൈന്യത്തെ പോലെ, ദാവീദ് തന്റെ ആളുകളെ നയിച്ചു യുദ്ധത്തിനു പോയി ഫെലിസ്ത്യരെ പരാജയപ്പെടുത്തുകയും ചെയ്തു. അവൻ സന്തോഷിച്ചു, "വെള്ളച്ചാട്ടം പോലെ [വെള്ളപ്പൊക്കം പൊട്ടിപ്പുറപ്പെടുന്നതുപോലെ; ആർഎസ്‌വി] യഹോവ എന്റെ മുമ്പിൽ എന്റെ ശത്രുക്കളെ തകർത്തുകളഞ്ഞു" (2 ശമുവേൽ 5:20). അവൻ ആ സ്ഥലത്തിന് ബാൽ-പെരാസിം എന്നു പേരിട്ടു, അതിനർത്ഥം "തകർക്കുന്ന യഹോവ."

ഏതൊരു അദ്ധ്യക്ഷന്റെയും മഹത്തായ ഉത്തരവാദിത്വമാണ് തന്റെ നേതൃത്വം ആഗ്രഹിക്കുന്നവർക്കു സംരക്ഷണവും പ്രതിരോധവും നൽകുക എന്നത്. ചിലപ്പോൾ നാശകരമായ ആക്രമണം വളരെ പ്രകടമാണ്; ചിലപ്പോൾ അത്ര വ്യക്തമല്ലാതെയായിരിക്കാം. ചിലപ്പോൾ അവ പുറത്തുനിന്നാകാം; കൂടുതലും അവ അകത്തുനിന്നാകാം (നോക്കുക പ്രവൃത്തികൾ 20:28-30). ബുദ്ധിയുള്ള അദ്ധ്യക്ഷൻ അപകടം മണത്തറിഞ്ഞു അതിനെ ബുദ്ധിയോടെ കൈകാര്യം ചെയ്യുന്നതിൽ ബോധമുള്ളവനായിരിക്കും. വിഷമമേറിയ സാഹചര്യം നേരിടുവാൻ, ദാവീദിനെപോലെ ബുദ്ധിയുള്ള അദ്ധ്യക്ഷന്മാർ, സഹായത്തിനും നടത്തിപ്പിനും, യഹോവയോടു പലപ്പോഴും അപേക്ഷിക്കും.

പ്രശ്നങ്ങൾ പരിഹരിച്ചാൽ, അതു ഒരിക്കലും പ്രത്യക്ഷപ്പെടാത്തവിധം, എന്നേക്കുമായി അപ്രത്യക്ഷമാകുകയില്ല എന്നു ബുദ്ധിയുള്ള അദ്ധ്യക്ഷന്മാർക്കറിയാം. അത് ഫെലിസ്ത്യർ തിരിച്ചു വന്നയുടനെയായിരുന്നു. ദാവീദിന്റെ ആദ്യ വിജയത്തിൽ അമ്പരന്ന ഫെലിസ്ത്യർ, രെഫായിം[39] താഴ്വരയിൽ വീണ്ടും ശക്തിയാർജ്ജിച്ച സൈന്യത്തെ കൂട്ടി വന്നിരിക്കുന്നു. വീണ്ടും അവൻ യഹോവയോടു ചോദിച്ചു. ഈ പ്രാവശ്യം ശത്രുക്കളുടെ പുറകിൽ വലയം തീർത്ത് യഹോവയുടെ അടയാളത്തിനായി കാത്തിരിക്കുവാൻ പറഞ്ഞു. "ബാഖാ വൃക്ഷങ്ങളുടെ അഗ്രങ്ങളിൽകൂടി അണി നടക്കുന്ന ഒച്ച പോലെ കേൾക്കും,[40] [അതായത്, ദൈവത്തിന്റെ സൈന്യം യുദ്ധത്തിനു പോകുന്നതുപോലെ] അപ്പോൾ വേഗത്തിൽ ചെല്ലുക, ഫെലിസ്ത്യസൈന്യത്തെ തോൽപ്പിപ്പാൻ യഹോവ നിനക്കു മുമ്പായി പുറപ്പെട്ടിരിക്കുന്നു എന്നു അരുളപ്പാടുണ്ടായി" (2 ശമുവേൽ 5:24). ഒരിക്കൽകൂടെ ദാവീദ് ദൈവ കല്പന അനുസരിച്ചു. ഈ പ്രാവശ്യം ദാവീദും അവന്റെ സൈന്യവും ശത്രുവിനെ അവരുടെ സ്വദേശത്തേക്കു ഓടിച്ചു. "അവർ ഗിബെയോൻ മുതൽ ഗേസെർവരെ ഫെലിസ്ത്യസൈന്യത്തെ തോല്പിച്ചു" (1 ദിനവൃത്താന്തം 14:16). ആ നിർണ്ണായക വിജയം ഫെലിസ്ത്യരുടെ വീര്യം കെടുത്തിക്കളഞ്ഞു. അടിക്കടി ഫെലിസ്ത്യർ ശല്യം ചെയ്തുകൊണ്ടിരുന്നെങ്കിലും, അന്നു മുതൽ യിസ്രായേലിനോടുള്ള അവരുടെ ഗൗരവമായ ഭീഷണിക്ക് അറുതിവന്നു.

ആ രണ്ടു യുദ്ധങ്ങളുടെ ചുരുങ്ങിയ വിവരണങ്ങൾ (ഒമ്പതു വാക്യങ്ങൾ മാത്രം), ദാവീദിന്റെ ജീവിതത്തിൽ നൂറുകണക്കിനു യുദ്ധങ്ങൾ നടന്നതുപോലെ, രണ്ടെണ്ണം കൂടെ നടന്നതായി മാത്രം വിവരിക്കുന്നു. യിസ്രായേല്യർക്കു, എന്തുതന്നെയായാലും, അപ്പോൾ സംഭവിച്ച ആ വിജയം ദൈവം രാജാവായി ദാവീദിനെ നിയമിച്ചിരിക്കുന്നു എന്നു ഉറപ്പിക്കുന്നതിന്റെയും, അവന്റെ വാഴ്ച്ചയെ ദൈവം അനുഗ്രഹിക്കുന്നതിന്റെയും അടയാളമായിരുന്നു. അതു ചരിത്രം സൃഷ്ടിക്കുന്നതായിരുന്നു. നൂറുകണക്കിനു വർഷങ്ങൾക്കുശേഷം, യെശയ്യാവ്, ദുഷ്ടന്മാരെ ദൈവം ശിക്ഷിക്കുന്നതിനെക്കുറിച്ചു, എഴുതി,

> യഹോവ തന്റെ പ്രവൃത്തിയെ, തന്റെ ആശ്ചര്യപ്രവൃത്തിയെ തന്നേ,
> ചെയ്യേണ്ടതിന്നും തന്റെ ക്രിയയെ, തന്റെ അപൂർവ്വ ക്രിയയെ നടത്തേണ്ട
> തിന്നും പെറാസീം മലയിൽ എന്നപോലെ എഴുന്നേല്ക്കയും;
> [അതായതു, ബാൽ-പെറാസീം],
> ഗിബെയോൻ താഴ്വരയിൽ എന്നപോലെ കോപിക്കയും ചെയ്യും
> (യെശയ്യാവു 28:21).

ആ വിജയങ്ങളുടെ ഫലങ്ങളെക്കുറിച്ചു ഒന്നു ദിനവൃത്താന്തം 14:17 പറയുന്നു: "ദാവീദിന്റെ കീർത്തി സകല ദേശങ്ങളിലും പരക്കയും; യഹോവ അവനിലുള്ള ഭയം സർവ്വ ജാതികൾക്കും വരുത്തുകയും ചെയ്തു."

ഓരോ പ്രശ്നവും ഗൗരവമായി എടുക്കണമെന്നു ബുദ്ധിയുള്ള അദ്ധ്യക്ഷന്മാർക്കറിയാം. നാം വെല്ലുവിളികളെ കൈകാര്യം ചെയ്യുന്നതിന്റെ ദൂര-വ്യാപകമായ അനന്തരഫലങ്ങൾ എന്തായിരിക്കുമെന്നു നമുക്ക് ഒരിക്കലും അറിയാൻ കഴിയുകയില്ല.

## ബുദ്ധിയുള്ള അദ്ധ്യക്ഷന്മാർ ധാരാളം പുകഴ്ത്തും
## (2 ശമു. 23:8-39; 1 ദിനവൃ. 11:10-12:38)

ഫെലിസ്ത്യരോടു ദാവീദ് ഒറ്റക്കായിരുന്നില്ല ഏറ്റുമുട്ടിയത്. ആ യുദ്ധങ്ങളിൽ വിജയം കൈവരിക്കുവാൻ സാധിച്ചതു അന്നുവരെ ഉണ്ടായതിൽവെച്ചു ഏറ്റവും പ്രഗത്ഭരായ യോദ്ധാക്കളെ ദൈവം ദാവീദിന്നു ചുറ്റും കൊടുത്തതു കൊണ്ടും, ദൈവം അവനോടുകൂടെ ഉണ്ടായിരുന്നതുകൊണ്ടുമാണ്. ദാവീദ് അതു മനസിലാക്കി അവർക്കു ബഹുമതി കൊടുക്കേണ്ട സമയത്തു കൊടുക്കയും ചെയ്തു. 2 ശമുവേലിന്റെ പുസ്തകത്തിൽ അവരിൽ പലരെയും (ദാവീദിന്റെ "പ്രധാന വീരന്മാർ" എന്നു വിളിച്ചിരിക്കുന്നവരെ [2 ശമുവേൽ 23:8; 1 ദിനവൃത്താന്തം 11:10]) അദ്ധ്യായം 23-ൽ, ദാവീദിന്റെ വാഴ്ച്ചയുടെ അവസാനകാലത്ത് പേരെടുത്തു പറയുന്നുണ്ട്. 1 ദിനവൃത്താന്തം 11-ഉം 12-ഉം അദ്ധ്യായങ്ങളിൽ, അവരുടെ പേരുകൾ ദാവീദിന്റെ വാഴ്ച്ചയുടെ ആരംഭത്തിൽ പറയുന്നുണ്ട്. രണ്ടു ശമുവേലിൽ മുപ്പത്തി ഏഴുപേരെ പറഞ്ഞിട്ടുണ്ട്. ഇതു പരിഗണിക്കുക: എവിടെനിന്നാണ് ഈ ലിസ്റ്റ് തുടങ്ങിയത്? *ദാവീദ് രാജാവു* അതെഴുതിയിരിക്കുന്നു. അവന്റെ വീരയോദ്ധാക്കളുടെ ലിസ്റ്റ് അവന്റെ കയ്യിലുണ്ടായിരുന്നു. അവർ ചെയ്ത പ്രവൃത്തികളിൽ അവൻ അനുമോദിച്ചു, ഭാവിതലമുറ അവരെ കുറിച്ചും അവരുടെ അത്ഭുതപ്രവൃത്തികളുടെ നേട്ടത്തെക്കുറിച്ചും അറിയണമെന്നു അവൻ ആഗ്രഹിച്ചു.

ബുദ്ധിയുള്ള അദ്ധ്യക്ഷന്മാർക്ക് - സഭയിലായാലും, വീട്ടിലായാലും, അല്ലെങ്കിൽ ഏതെങ്കിലും പ്രാദേശിക ക്ലബ്ബുകളിലായാലും - അംഗീകാരം ആവശ്യമുള്ളവർക്ക് അംഗീകാരം കൊടുക്കേണ്ടതിന്റെ പ്രാധാന്യം അറിയാം. ആത്മാർത്ഥതയില്ലാത്ത പൊക്കിപ്പറയലല്ല (വ്യാജസ്തുതിയിൽ ആളുകൾക്ക് കാണാൻ സാധിക്കുന്നത്) ഞാനുദ്ദേശിച്ചത്; നന്നായി ചെയ്യുന്നവരെ അഭിനന്ദിക്കണമെന്നാണ് ഞാൻ അർത്ഥമാക്കിയത്. പൗലൊസ് പറഞ്ഞു, "എല്ലാവർക്കും കടമായുള്ളതു കൊടുപ്പിൻ: ... മാനം കാണിക്കേണ്ടവന്നു [കടമായുള്ളത്] മാനം" (റോമർ 13:7). ബുദ്ധിയുള്ള അദ്ധ്യക്ഷന്മാർ ധാരാളമായി പുകഴ്ത്തുകയും അഭിനന്ദിക്കുകയും ചെയ്യും. ബുദ്ധിയുള്ള അദ്ധ്യക്ഷന്മാർ ബഹുമതി ആദ്യം ദൈവത്തിനും, പിന്നെ കഠിനാദ്ധ്വാനം ചെയ്തവർക്കും നല്കും. "ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടുകൊൾവാൻ" അവർക്കറിയാം (റോമർ 12:10).

## ബുദ്ധിയുള്ള അദ്ധ്യക്ഷന്മാർ കുടുംബത്തിന്റെ പ്രാധാന്യം കുറച്ചു കാണുകയില്ല
## (2 ശമു. 3:2-5, 12-16; 5:13-16; 1 ദിനവൃ. 14:3-7)

വേദഭാഗത്തിലുടനീളം കാണുന്ന ദാവീദിന്റെ കുടുംബത്തെ വിവരിക്കുന്ന വാക്യങ്ങളെ ഈ പാഠത്തിൽ നാം കാണാതെ പോകരുത്. 2 ശമുവേൽ 2:2-ൽ ദാവീദിന്റെ കുടുംബം ദാവീദിനോടൊപ്പം ഹെബ്രോനിൽ താമസിക്കുവാൻ വന്നു എന്നു നമ്മോടു പറയുന്നുണ്ട്. അതിനുശേഷം "ദാവീദ് വളർന്നു ശക്തനായി," എന്നു 2 ശമുവേൽ 3:1-5 വരെയുള്ള വേദഭാഗങ്ങളിൽ നമ്മോടു പറഞ്ഞിരിക്കുന്നതിനു, നമുക്കു തെളിവു നല്കിയിട്ടുണ്ട്: "ഹെബ്രോനിൽവെച്ച് അവന്നു പുത്രന്മാർ ജനിച്ചു."[41] ദാവീദ് തന്റെ തലസ്ഥാനം യെരുശലേമിലേക്കു മാറ്റിയപ്പോൾ, അവന്റെ ഗൃഹം വലുതായി എന്ന വിവരം നല്കിയിട്ടുണ്ട്: "ദാവീദിന്നു പിന്നെയും പുത്രന്മാരും പുത്രിമാരും ജനിച്ചു" (ഒ.വാ. 2 ശമുവേൽ

5:13; കൂടാതെ 1 ദിനവൃത്താന്തം 14:3 ഉം നോക്കുക).[42] ദാവീദിന്റെ ഗൃഹത്തിനു ദൈവശ്വാസിയ എഴുത്തുകാർ, തീർച്ചയായും പ്രാധാന്യം നല്കിയിട്ടുണ്ട്.

കുടുംബങ്ങൾക്കു അദ്ധ്യക്ഷന്മാരെ ഉണ്ടാക്കുവാനും തകർക്കുവാനും കഴിയും. നാം കാണുവാൻ പോകുന്നതുപോലെ, ദാവീദ് രാജാവിന്റെ ഉത്തരവാദിത്വങ്ങൾ തന്നിൽ നിറഞ്ഞതോടെ പിന്നീട് കുടുംബത്തെ അവഗണിക്കുവാൻ തുടങ്ങി (നോക്കുക 1 രാജാക്കന്മാർ 1:6) – അവൻ അതിനു വിലകൊടുക്കയും ചെയ്തു. ബുദ്ധിയുള്ള അദ്ധ്യക്ഷന്മാർ അവരുടെ മുൻഗണനകൾ പ്രാവർത്തികമാക്കുമ്പോൾ, തങ്ങളുടെ കുടുംബത്തെ വിലകുറച്ചു കാണുകയില്ല.[43]

### ബുദ്ധിയുള്ള അദ്ധ്യക്ഷന്മാർ അവരുടെ അനുയായികളെ ഉൾപ്പെടുത്തും (2 ശമു. 6:1, 2; 1 ദിനവൃ. 13:1-4)

നിയമപെട്ടകം ദാവീദ് യെരുശലേമിലേക്കു കൊണ്ടുവരുന്ന പരിശ്രമത്തോടുകൂടെയാണ് നമ്മുടെ അടുത്ത പാഠം ആരംഭിക്കുന്നത്. നേതൃത്വത്തിന്റെ രണ്ടു വസ്തുതകൾ കൂടെ ആ സംഭവത്തിൽ കാണുന്നുണ്ട്. ആ വസ്തുത എങ്ങനെ ബുദ്ധിയോടെ കൈകാര്യം ചെയ്തു എന്നു ദിനവൃത്താന്ത എഴുത്തുകാർ പറയുന്നു:

> ദാവീദ് സഹസ്രാധിപന്മാരോടും, ശതാധിപന്മാരോടും സകലനായകന്മാരോടും ആലോചിച്ചു. അതിനുശേഷം യിസ്രായേലിന്റെ സർവ്വസഭയോടും പറഞ്ഞതു, "നിങ്ങൾക്കു സമ്മതവും, നമ്മുടെ ദൈവമായ യഹോവക്കു ഹിതവും ആകുന്നു എങ്കിൽ, നാം യിസ്രായേൽ ദേശത്തെല്ലാടവുമുള്ള നമ്മുടെ ശേഷം സഹോദരന്മാരും, അവരോടുകൂടെ പുൽപ്പുറങ്ങളുള്ള പട്ടണങ്ങളിൽപാർക്കുന്ന പുരോഹിതന്മാരും ലേവ്യരും, നമ്മുടെ അടുക്കൽ വന്നുകൂടേണ്ടതിന്നു എല്ലാടവും ആളയക്കുക; നമ്മുടെ ദൈവത്തിന്റെ പെട്ടകം വീണ്ടും നമ്മുടെ അടുക്കൽ കൊണ്ടുവരിക, ശൗലിന്റെ കാലത്തു നാം അതിനെ ഗണ്യമാക്കിയില്ലല്ലൊ." ഈ കാര്യം സകല ജനത്തിന്നും ബോധിച്ചതുകൊണ്ടു, അങ്ങനെതന്നെ ചെയ്യേണമെന്നു സർവ്വസഭയും പറഞ്ഞു (1 ദിനവൃത്താന്തം 13:1–4)

"ആലോചിച്ചു" എന്നും "നിങ്ങൾക്കു സമ്മത*മെങ്കിൽ*" എന്നും പറയുന്നതു ശ്രദ്ധിക്കുക; പിന്നെ പ്രതികരണം നോക്കുക: "ഈ കാര്യം സകല ജനത്തിന്നും ബോധിച്ചതുകൊണ്ടു, അങ്ങനെതന്നെ ചെയ്യേണമെന്നു സർവ്വസഭയും പറഞ്ഞു." ഒരു രാജാവായതുകൊണ്ടു, തന്റെ ഇഷ്ടപ്രകാരം അധികാരം ഉപയോഗിച്ചു ചെയ്യാമായിരുന്നു. എങ്ങനെയായാലും, നിയമപെട്ടകം യെരുശലേമിലേക്കു കൊണ്ടുവരുന്നതു, തന്റെ ഇഷ്ടം ആളുകളിൽ അടിച്ചേല്പിക്കുന്നതുപോലെ പ്രാധാന്യമുള്ളതായിരുന്നു. അവൻ അവരുടെ അഭിപ്രായം ആരാഞ്ഞു. "രാജാവിന്റെ പദ്ധതി" യായിട്ടല്ല പിന്നെയോ ജനങ്ങളുടെ പദ്ധതിയായിട്ടാണ് ദാവീദ് അതിനെ കണ്ടത്. അദ്ധ്യക്ഷന്മാർ അതു കണ്ടു പഠിക്കട്ടെ.

### ബുദ്ധിയുള്ള അദ്ധ്യക്ഷന്മാർ ആത്മീക കാര്യങ്ങൾക്കു മുന്തിയ മുൻഗണന നല്കും

നിയമപെട്ടകം യെരുശലേമിലേക്കു കൊണ്ടുവരുന്നതിന്റെ പ്രാധാന്യം, 1 ദിനവൃത്താന്തം 13:1-4 ൽ പറയുന്നതു നോക്കുക. ഇതുവരെയും ദാവീദ് ചെയ്തതൊക്കെയും അവസാനം: യിസ്രായേൽ ജനത്തെ യഹോവയോടു അടുത്ത ബന്ധം സ്ഥാപിക്കുന്നതിനായിരുന്നു. ദിനവൃത്താന്ത ലേഖകൻ പറയുന്നതനുസരിച്ചു, തലസ്ഥാനം യെരുശലേമാക്കിമാറ്റിയിട്ടു[44] ദാവീദ് *ആദ്യം* ചെയ്തത് നിയമപെട്ടകം യെരുശലേമിലേക്കു കൊണ്ടുവരികയായിരുന്നു. ബുദ്ധിയുള്ള അദ്ധ്യക്ഷന്മാർ ആത്മിക കാര്യങ്ങൾക്കു മുന്തിയ മുൻഗണന നല്കും.

### ഉപസംഹാരം

യെഹൂദാ ഗോത്രം ദാവീദിനെ രാജാവാക്കിയപ്പോൾ അവന്റെ മനോഹര തുടക്കം നിങ്ങൾക്ക് ഇഷ്ടമായിക്കാണും എന്നു ഞാൻ കരുതുന്നു. ഈ വാക്യങ്ങളെ ഞാൻ വീണ്ടും വീണ്ടും വായിച്ചപ്പോൾ, എന്റെ പ്രാർത്ഥന ഇതായിരുന്നു "ദൈവമേ, എപ്പോഴെങ്കിലും എന്നെ നേതൃത്വസ്ഥാനത്താക്കുമെങ്കിൽ, ദാവീദിനു തന്റെ വാഴ്ച്ചയുടെ ആരംഭത്തിലുണ്ടായിരുന്ന ജ്ഞാനം എനിക്കു തരേണമേ."

എങ്ങനെയായാലും, നമ്മിൽ അധികം പേരും, പിൻപറ്റുന്നവരുടെ പട്ടികയിൽ പെടുന്നവരായതുകൊണ്ട്, നല്ല നേതൃത്വമെന്നപോലെ തന്നെ നല്ല പിൻപറ്റലും പ്രാധാന്യമുള്ളതാണ് എന്നു ഞാൻ ഊന്നിപ്പറയട്ടെ.[45] ഇപ്പോഴുള്ള അദ്ധ്യക്ഷന്മാർക്കും ദൈവത്തെ മഹത്വപ്പെടുത്തുന്ന അദ്ധ്യക്ഷന്മാർ ഉണ്ടാകേണ്ടതിനും, നാം പ്രാർത്ഥിക്കണം.[46] പിന്നെ നാം നമ്മുടെ അദ്ധ്യക്ഷന്മാരുടെ ഏറ്റവും നല്ല പ്രവർത്തനത്തിനായി നാം ആയിരിക്കേണ്ട വിധത്തിലുള്ള അനുയായികളായിരിപ്പാനും തീരുമാനിക്കണം.[47]

"ദൈവമേ, ഞങ്ങൾക്കു ബുദ്ധിയുള്ള അദ്ധ്യക്ഷന്മാരെ തരേണമേ – ഞങ്ങളെ വിശ്വസ്തരായ അനുയായികളായും തീർക്കേണമേ!"

---

### പ്രസംഗ കുറിപ്പുകൾ

ബൈബിൾ സംഭവപാഠങ്ങളെ രണ്ടു വിധത്തിൽ ഉപയോഗിക്കാം: ആ സംഭവം വിവരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ പ്രായോഗികത വിവരിക്കാം, അല്ലെങ്കിൽ സംഭവം പറഞ്ഞുതീർത്തിട്ടു പ്രായോഗികത വിശദമാക്കാം. ആദ്യത്തെ സമീപനമാണ് ഈ പരമ്പരയിലെ മിക്ക പാഠങ്ങളിലും ഉപയോഗിച്ചിരിക്കുന്നത്. "അടിയിൽ തട്ടാതെ എങ്ങനെ മുകളിൽ എത്താം" എന്ന പാഠത്തിൽ ഉപയോഗിച്ചിരിക്കുന്ന സമീപനം രണ്ടാമത്തേതാണ്. ഓരോ പാഠത്തിലെയും വിവരണങ്ങൾ രണ്ടു വിധത്തിലും ഉപയോഗിക്കാം. ഒരു പാഠത്തിനു ഒന്നു "ശരിയായി തോന്നുന്നില്ലെങ്കിൽ," മറ്റൊന്നു പരീക്ഷിച്ചു നോക്കുക.

നേതൃത്വത്തിന്റെ ഓരോ പാഠത്തിലും, പിൻപറ്റുന്നതും ഉൾപ്പെടുത്തണം. നന്നായി പിൻപറ്റുന്നവരുടെ ഗുണങ്ങളെ ഇവിടെ പ്രതിപാദിച്ച വേദഭാഗങ്ങളിൽനിന്നു വിവരിക്കുവാൻ ധാരാളം പോയിന്റുകൾ ലഭിക്കും.

അബ്നേരും യോവാബും ആകർഷിക്കുന്ന വ്യക്തികളാണ്. ഓരോരുത്ത

രെ കുറിച്ചോ അല്ലെങ്കിൽ രണ്ടു പേരെ കുറിച്ചോ പ്രയോജനപ്രദമായ സ്വഭാവ പഠനങ്ങൾ നടത്താവുന്നതാണ്. ഒരു പാഠത്തിൽതന്നെ രണ്ടു പേരുടേയും സ്വഭാവ വ്യത്യാസങ്ങൾ എടുത്തു കാണിക്കുന്നതു രസകരമായിരിക്കും.

സങ്കീർത്തനങ്ങൾ 30 രചിച്ചിരിക്കുന്നത് ദാവീദിന്റെ "ഭവനപ്രതിഷ്ഠയെ കുറിച്ചുള്ള [ഒരുപക്ഷെ രാജധാനി] ഒരു ഗാനമായിട്ടാണ്"; രാജധാനിക്കെട്ടിടത്തെ ഈ പാഠത്തിൽ വിവരിച്ചിട്ടുണ്ട്. ദാവീദ് രാജാവായിതീർന്ന ആദ്യനാളുകളിൽ എഴുതപ്പെട്ടതാണ് സങ്കീർത്തനങ്ങൾ 27 എന്നു ചിലർ കരുതുന്നു. ആ കാലത്തിനു യോജിക്കുന്നവയാണ് അതിലെ വാക്കുകൾ. സഹോദരങ്ങളുടെ ഐക്യതയുടെ പ്രാധാന്യത്തെ പ്രതിപാദിക്കുന്ന സങ്കീർത്തനമായ, സങ്കീർത്തനങ്ങൾ 133, മക്കൾ അനുഗ്രഹമായി പറഞ്ഞിരിക്കുന്ന, സങ്കീർത്തനങ്ങൾ 127 പോലെ, ഈ പാഠവുമായി ബന്ധിപ്പിക്കാവുന്നതാണ്.

---

കുറിപ്പുകൾ

[1]ഡബ്ളിയു. ഫിലിപ് കെല്ലർ, *ഡേവിഡ്, ദ ഷെപേർഡ് കിങ്ങ്* (വാക്കോ, ടെക്സ്.: വേഡ്, 1986), 15. [2]ഇതു രണ്ടാം പ്രാവശ്യമാണ് ദാവീദിനെ അഭിഷേകം ചെയ്യുന്നത്. [3]ബെന്യാമീൻ ഗോത്രത്തിലെ സംഖ്യ അറുനൂറായി മാത്രം ചുരുങ്ങിയപ്പോൾ, അതിലെ നാനൂറുപുരുഷന്മാർ ഗിലെയാദിലെ – യാബേശ് കന്യകമാരെ ഭാര്യമാരായി എടുക്കുകയും ചെയ്തു (ന്യായാധിപന്മാർ 21:8–14). കൂടാതെ, ശൗലിന്റെ വാഴ്ചയുടെ ആരംഭത്തിൽ, ഗിലെയാദിലെ – യാബേശ് നിവാസികളെ അടിമകളാക്കുമെന്നും അവരുടെ വലത്തെ കണ്ണ് ചൂഴ്ന്നെടുക്കുമെന്നും അമോന്യർ ഭീഷണിപ്പെടുത്തിയപ്പോൾ അവൻ അവരെ വിടുവിച്ചു (1 ശമുവേൽ 11:1–11). [4]അവരെ അടക്കുന്നതിനു മുൻപ്, ആ ശരീരങ്ങളെ അവർ ചുട്ടുകളഞ്ഞു. (1 ശമുവേൽ 31:12). ശരീരങ്ങൾ മുഴുവൻ ദഹിപ്പിച്ചില്ലായിരുന്നു; പിന്നീട് ദാവീദ് അസ്ഥികളെല്ലാം നീക്കം ചെയ്തു (2 ശമുവേൽ 21:12–14). അവർ ഇതു ചെയ്തത് ശുചീകരണത്തിനോ, അല്ലെങ്കിൽ പ്രാദേശിക ആചാരമനുസരിച്ചോ ആയിരിക്കാം; അത് യെഹൂദന്മാരുടെ ആചാരമായിരുന്നില്ല. [5]യോനാഥാനോടു അവൻ നടത്തിയ വാഗ്ദാനം, മെഫീബോശേത്തിൽ ദാവീദ് നിറവേറ്റിയതായി കാണുക. [6]നോക്കുക സങ്കീർത്തനങ്ങൾ 133:1. എല്ലാ പ്രാധാന്യവും ഉള്ളതല്ല ഐക്യത, എന്നാൽ അത് പ്രാധാന്യമുള്ളതാണ്. വിശ്വസ്തതയും വിശുദ്ധിയും ഐക്യതയെക്കാൾ പ്രാധാന്യമുള്ളതാണ് (യാക്കോബ് 3:17; മത്തായി 10:34), എന്നാൽ ആ ലക്ഷ്യങ്ങളുടെ പിന്നിൽ ഐക്യതയുണ്ട്. [7]ദാവീദ് തന്റെ സ്വന്ത സൈന്യാധിപനായിരുന്ന, യോവാബിനെക്കാൾ അബ്നേരിനെ കൂടുതൽ ആദരിച്ചിരുന്നു (1 രാജാക്കന്മാർ 2:32). [8]നോക്കുക 2 ശമുവേൽ 3:9, 10, 18. രണ്ടു പ്രാവശ്യം ദാവീദ് ശൗലിനെ കൊല്ലാതെ വിടുമ്പോഴും അടുത്ത രാജാവ് ദാവീദാണെന്ന് ശൗൽ സമ്മതിച്ചപ്പോഴും അബ്നേർ അവിടെ ഉണ്ടായിരുന്നു (1 ശമുവേൽ 24; 26). [9]അബ്നേർ ശൗലിന്റെ അങ്കിളോ അല്ലെങ്കിൽ കസിനോ ആയിരുന്നേക്കാം (1 ശമുവേൽ 14:50, 51). [10] രണ്ട് ശമുവേൽ 2:13-ലാണ് ദാവീദിന്റെ സൈന്യാധിപനായി യോവാബിനെ കുറിച്ച് ആദ്യം പറയുന്നത്.

[11]ശൗലിന്റെ പാളയത്തിലേക്ക് ദാവീദിനെ അകമ്പടി സേവിച്ചത് അബീശായി ആയിരുന്നു; അവൻ ശൗലിനെ കൊല്ലുവാനും ആഗ്രഹിച്ചിരുന്നു. [12]അവർ ദാവീദിന്റെ സഹോദരി സെരൂയയുടെ പുത്രന്മാരായിരുന്നു. [13]യോവാബിന് 20 പേർ മാത്രം നഷ്ടമായപ്പോൾ, അബ്നേരിന് നഷ്ടമായത് 360 പേരായിരുന്നു (2 ശമുവേൽ 2:31). [14]എൻഇബി

നോക്കുക: "അബ്നേർ അവനെ കുന്തം *കൊണ്ടു പിറകോട്ട്* വയറ്റത്ത് കുത്തി" (2 ശമുവേൽ 2:23; എംഫസിസ് മൈൻ). അബ്നേർ പെട്ടെന്ന് കുന്തത്തിന്റെ അറ്റം തറയിൽ അമർത്തിയതിനാൽ അസഹേലിന്റെ എടുത്തുചാട്ടം മരണത്തിനിടയാക്കി. [15] കാലക്രമമനുസരിച്ച് എന്നതിനേക്കാൾ അധികമായി രണ്ടു ശമുവേലിലെ ചില വിവരങ്ങൾ വിഷയപരമായി ക്രമപ്പെടുത്തിയിരിക്കുന്നു, അതുകൊണ്ട് സംഭവങ്ങളുടെ വിവരണം കൃത്യമായ ക്രമപ്രകാരമായിമനസ്സിലാക്കുവാൻ സാധ്യമല്ല. ഇശ് – ബോശെത്തിന്റെ ഭരണം രണ്ടു വർഷം മാത്രവും ദാവീദിന്റെ എല്ലാ യിസ്രായേലിനെയും വാണുകൊണ്ടുള്ള ഭരണം തുടങ്ങുന്നതിനു മുൻപ് മരിക്കുകയും ചെയ്തതിനാൽ, അവന്റെ വാഴ്ച്ച ദാവീദിന്റെ യെഹൂദ്യയിൽ മാത്രമുള്ള വാഴ്ചയുടെ അവസാന രണ്ടു വർഷം ആയിരിക്കാൻ സാധ്യതയുണ്ട്. [16]ആ ഗിലയാദു പട്ടണം ഹെബ്രോനിൽ നിന്ന്, ഏതാണ്ട് അൻപത് മൈൽ അകലെ യോർദ്ദാനക്കരെയായിരുന്നു. [17]ഈശ് – ബോശെത്ത് എന്നതിന്റെ അക്ഷരികമായ അർത്ഥം "ലജ്ജാസന്തതി" എന്നാണ്. അത് ഒരുപക്ഷെ അവനെ കളിയാക്കിക്കൊണ്ടുള്ള ഒരു വിളിപേരായിരുന്നിരിക്കാം, അല്ലെങ്കിൽ എഴുത്തുകാർ, അവരുടെ അന്യദേവനായിരുന്ന ബാലിനോടുള്ള വിരോധം കൊണ്ടു വിളിച്ചതാവാം, പിന്നീട് "ബാൽ" എന്നത് "ഷേയിം" എന്നാക്കി. [18]1 ദിനവൃത്താന്തം 8:33. "ഈശ്ബാൽ" അർത്ഥം "മാൻ ഓഫ് ബാൽ," അതിന്റെ അർത്ഥം "ദ ലോർഡ്സ് മാൻ." "ലോർഡ്" ഒരുപക്ഷെ യഹോവയെ സൂചിപ്പിക്കുന്നതാകാം. [19]ഈശ്-ബോശേത്തിനെ 1 ദിനവൃത്താന്തം 8:33-ലാണ് അവസാനമായി പറഞ്ഞിരിക്കുന്നത്. ശൗലിന്റെ മറ്റു രണ്ടു പുത്രന്മാരെ കുറിച്ച് 2 ശമുവേൽ 21:8-ൽ പറഞ്ഞിട്ടുണ്ട്. അവർ തീരെ ചെറുപ്പമായിരുന്നു എന്നാണ് ഞാൻ കരുതുന്നത്. [20]അബ്നേർ കുറ്റക്കാരനാണ് അല്ലെങ്കിൽ അല്ല എന്നു ഹീബ്രൂ ടെക്സ്റ്റ് പറയുന്നില്ല. ചില തർജ്ജിമക്കാർ സെപ്റ്റ്വജിന്റ് പിൻതുടരുന്നു, അതിൽ വാക്യം 7-ന്റെ അവസാനം ചേർത്തിരിക്കുന്നത്: "ആന്റ് അബ്നേർ റ്റുക്ക് ഹേർ."

[21]ദാവീദിനു ഒരു നിബന്ധനയുണ്ടായിരുന്നു – അസാധാരണമായ ഒന്നായിരുന്നു – അത് അവന്റെ ഭാര്യ മീഖളിനെ മടക്കി കൊടുക്കണം എന്നതായിരുന്നു. "ദാവീദിന്റെ ആവശ്യവും മീഖളും" എന്നതിനെ കുറിച്ചുള്ള അനുബന്ധ ലേഖനം നോക്കുക. [22]ഒരുപക്ഷെ ദാവീദിന്റെ മകൻ ശലോമോൻ സദൃശ്യവാക്യങ്ങൾ 25:21 എഴുതുമ്പോൾ ഈ സന്ദർഭമായിരിക്കാം അവന്റെ മനസ്സിൽ ഉണ്ടായിരുന്നത്. [23]ശ്രദ്ധേയമായ ഒരു ഒഴികഴിവാണ് 2 ശമുവേൽ 10:12. [24]അബ്നേരിനെ കൊന്നതിൽ പങ്ക് അബീശായിക്കും ഉണ്ടായിരുന്നു (2 ശമുവേൽ 3:30). [25]അബ്നേരിന്റെ കൊലയുടെ പിന്നിൽ യോവാബിന് പല ഉദ്ദേശങ്ങൾ ഉണ്ടായിരുന്നേക്കാം. എങ്ങനെയായാലും, 2 ശമുവേൽ 30:27, 30 അനുസരിച്ച്, യോവാബിന്റെ ആദ്യ ഉദ്ദേശം പ്രതികാരമായിരുന്നു. [26]ദാവീദ് യെരുശലേം പിടിച്ചെടുക്കുവാൻ പോയപ്പോൾ, സൈന്യാധിപന്റെ സ്ഥാനം ഒഴിഞ്ഞുകിടന്നിരുന്നതായാണ് സൂചന (1 ദിനവൃത്താന്തം 11:6). [27]ക്രമേണ യോവാബ് കൊല ചെയ്യ*പ്പെട്ടു* എന്നത് ശ്രദ്ധിക്കേണ്ടതാണ്. പറഞ്ഞിരുന്ന കുറ്റകൃത്യങ്ങളിൽ ഒന്ന് അബ്നേരിന്റെ കൊലപാതകം ആയിരുന്നു (1 രാജാക്കന്മാർ 2:28–34). [28]മനസ്താപത്തിന്റെയോ ദുഃഖത്തിന്റെയോ സമയത്ത് ധരിച്ചിരുന്ന വസ്ത്രമായിരുന്നു ചണവസ്ത്രം. അമേരിക്കയിൽ, ഇതിനെ ബെർ ലാപ് എന്നു വിളിക്കുന്നു. [29]അവരുടെ പ്രവർത്തികളിലും പ്രതികാരം ഉണ്ടായിരുന്നേക്കാം. പിന്നീടു നമ്മോടു പറഞ്ഞത് ശൗൽ ഗിബെയോന്യരെ ഉന്മൂലനാശം വരുത്തുവാൻ ശ്രമിച്ചിരുന്നു എന്നാണ് (2 ശമുവേൽ 21:2). സഹോദരന്മാർ ബെന്യാമീൻ ഗോത്രത്തിൽ ഏൽപ്പിക്കപ്പെട്ട ഗിബെയോൻ പട്ടണത്തിലെ, ബീരോത്തിൽ നിന്നുള്ളവരായിരുന്നു (യോശുവ 9:17; 18:25). [30]സെപ്റ്റ്വജിന്റ് കഴിഞ്ഞ്, 2 ശമുവേൽ 4:6-നെ, ആർഎസ്വി തർജ്ജിമ ചെയ്തിരിക്കുന്നത്, "അവർ, കോതമ്പ് എടുപ്പാൻ

വരുന്ന ഭാവത്തിൽ വീട്ടിന്റെ നടുവിൽ കടന്ന് അവനെ വയറ്റത്ത് കുത്തി, എന്നാൽ അവൾ തളർന്നുറങ്ങി; അപ്പോൾ രേഖാബും സഹോദരനായ ബാനയും ഓടിപ്പോയ്കളഞ്ഞു."

[31]ബലഹീനനായിരുന്നുവെങ്കിലും ഈശ് – ബോശെത്ത് അടിസ്ഥാനപരമായി ഒരു നല്ല വ്യക്തി ആയിരുന്നുവെന്നാണ് ദാവീദ് വിചാരിച്ചത്. [32]ഇത് ദാവീദിന്റെ മൂന്നാമത്തെ അഭിഷേകമായിരുന്നു. [33]340,000 പേർ ഹെബ്രോനിലേക്കു വന്നു എന്നു വേദഭാഗത്ത് വായിക്കുന്നുണ്ടെങ്കിലും, വന്നില്ല എന്ന് വിശ്വസിക്കുവാൻ കാരണം ഒന്നുമില്ല. എങ്ങനെയായാലും, പ്രതിനിധീകരിച്ച ഒരു കൂട്ടം ആളുകൾ, വന്നിരിക്കാൻ സാധ്യതയുണ്ട്. ഏതുവിധമായാലും, വലിയൊരു കൂട്ടം തന്നെ വന്നു! [34]ഉൽപ്പത്തി 14:18 മുതൽ. "യെരുശലേം" എന്നതിന്റെ ചുരുക്കപ്പേരായിരുന്നു "ശാലേം" (നോക്കുക സങ്കീർത്തനങ്ങൾ 76:2). [35]യെരുശലേമിനെ ചിലപ്പോൾ "ഏബോസ്" എന്നു വിളിച്ചിട്ടുണ്ട് (ന്യായാധിപന്മാർ 19:10; 1 ദിനവൃത്താന്തം 11:4). [36]ദാവീദ് യെരുശലേമിനെ പിടിച്ചടക്കിയപ്പോൾ ഏതാണ്ട് എട്ടോ പത്തോ ഏക്കർ മാത്രമായിരുന്നു അതിനുള്ളത്. "മിലോ" എന്ന വാക്ക് നോക്കുക (2 ശമുവേൽ 5:9); അത് ഒരു എബ്രായ ക്രിയയിൽ നിന്നും വന്നതാണ് അർത്ഥം "നിറയ്ക്കുക." അത് ദേശത്തെയോ അല്ലെങ്കിൽ വിപുലീകരണത്തിന് കല്ല് നിറയ്ക്കുന്നതോ ആകാം സൂചിപ്പിക്കുന്നത്. എൻഐവി ആ വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നത് "സപ്പോർട്ടിങ് റ്റെറസസ്" എന്നാണ്. [37]നമുക്കറിയാവുന്നിടത്തോളം, ആ കൃത്യമായ വാക്കുകൾ ദാവീദിനെ കുറിച്ചു പറയുന്നതല്ല, മറിച്ച് ശൗലിനെ കുറിച്ചാണ് (ഒ.വാ. 1 ശമുവേൽ 9:16). എങ്ങനെയായാലും, ശൗൽ ആ ദൗത്യം നിറവേറ്റാതിരുന്നതുകൊണ്ട്, അവ ശൗലിനുപകരം, ദൈവം തിരഞ്ഞെടുക്കുന്ന മനുഷ്യനിൽ ഏൽപ്പിച്ചു. [38]ഒന്ന് ദിനവൃത്താന്തം 14:9 പറയുന്നതു ഫെലിസ്ത്യർ താഴ്വരയിൽ വന്നു *ഒരു ആക്രമണം* നടത്തി എന്നാണ്. [39]അവർ മറ്റു രാജാക്കന്മാരുടെ സഹായം ആവശ്യപ്പെടുകയും ആദ്യത്തേതിനേക്കാൾ അവരുടെ രണ്ടാമത്തെ സൈന്യം മൂന്നു മടങ്ങായി വർദ്ധിച്ചു എന്നും ജോസെഫസ് പറഞ്ഞു. [40]ഇലകൾ ഇളകുകയും കരകരശബ്ദം പുറപ്പെടുവിക്കുകയും ചെയ്തു, എന്നാൽ കാറ്റില്ലായിരുന്നു എന്നാണ് ജോസെഫസ് പറഞ്ഞത്.

[41]ദാവീദ് ഹെബ്രോനിൽ ആയിരുന്നപ്പോൾ അവൻ നാലു ഭാര്യമാരെ കൂടെ എടുത്തിരുന്നു എന്നാണ് നേരിട്ടല്ലാതെ നമുക്കു ലഭിക്കുന്ന വിവരം. [42]"ദാവീദ് യെരുശലേമിൽ നിന്ന് കൂടുതൽ ഭാര്യമാരെയും വെപ്പാട്ടിമാരെയും എടുത്തിരുന്നു" എന്നും നമ്മോടു പറഞ്ഞിട്ടുണ്ട്. ആവർത്തന പുസ്തകം 17:17-ന് എതിരായി പറയുന്ന, ദാവീദിന്റെ ബഹുഭാര്യാത്വത്തെ നേരിട്ട് എഴുത്തുകാരൻ വിമർശിക്കുന്നില്ല, എന്നാൽ സംഭവം പുരോഗമിക്കുമ്പോൾ, ആ വിപത്തുകൾ തന്നെ നമുക്ക് കാരണം വിശദമാക്കി തരുന്നു. [43]ഉപേക്ഷിക്കപ്പെട്ട ബന്ധങ്ങൾ സ്നേഹം നഷ്ടപ്പെടുത്തും എന്നതിന് ഊന്നൽ നൽകി വിവരിക്കുവാൻ ദാവീദിന്റെയും മീഖളിന്റെയും (ദാവീദിന്റെ ആവശ്യവും മീഖളും "എന്നതിനെ ആസ്പദമാക്കിയുള്ള അനുബന്ധ ലേഖനം നോക്കുക") കഥ ഇവിടെ ചേർക്കാവുന്നതാണ്. [44]1 ദിനവൃത്താന്തം 11:1-9-നെ പ്രവൃത്തിയിൽ ഒന്ന് ദിനവൃത്താന്തം 13:1 പിൻപറ്റുന്നു; ഇടയ്ക്കുവരുന്ന വാക്യങ്ങൾ "ദാവീദിന്റെ വീരന്മാരെ" കുറിച്ചു പറയുന്നു. 1 ദിനവൃത്താന്തം അനുസരിച്ച്, ദാവീദ് ഹീരാമിനെ അംഗീകരിക്കുന്നതും, ഫെലിസ്ത്യർക്കെതിരെയുള്ള ദാവീദിന്റെ യുദ്ധങ്ങളും, മറ്റു സംഭവങ്ങളും സംഭവിക്കുന്നത് നിയമ പെട്ടകം യെരുശലേമിലേക്ക് കൊണ്ടുവരുവാനുള്ള ദാവീദിന്റെ ആദ്യ ശ്രമത്തിനും (1 ദിനവൃത്താന്തം 13) അവസാനം വിജയകരമായി നിയമപെട്ടകം കൊണ്ടുവരുന്നതിനും ഇടയ്ക്കാണ് (1 ദിനവൃത്താന്തം 15). അതാണ് ശരിയായ തുടർച്ചാക്രമമെന്നു ഞാൻ കരുതുന്നു. [45]"ഫോളോവർ – ഷിപ്പ്" എന്നതാണ് കൂടുതൽ ശരി, എന്നാൽ എനിക്കിഷ്ടം "ഫോളോ – ഷിപ്പ്" എന്നാണ്. [46]ഗവൺമെന്റിലുള്ളവരായാലും

(1 തിമൊഥെയൊസ് 2:1, 2), സഭയിൽ ഉള്ളവരായാലും (എബ്രായർ 13:17, 18), അല്ലെങ്കിൽ വീട്ടിൽ ഉള്ളവരായാലും നാം അവർക്കുവേണ്ടി പ്രാർത്ഥിക്കണം. [47]നാം അനുസരണവും പിന്തുണയും ഉള്ളവരായിരിക്കണം - അത് ഗവൺമെന്റിലുള്ളവരായാലും (റോമർ 13:1 മുതൽ), സഭയിൽ ഉള്ളവരായാലും (എബ്രായർ 13:17), അല്ലെങ്കിൽ വീട്ടിൽ ഉള്ളവരായാലും (ഒ.വാ. എഫെസ്യർ 5:22; 6:1-3).

